# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 സെപ്റ്റംബർ 28 | ദീപം 56 | നാളം 29 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# വെളിച്ചത്തിലോ ഇരുളിലോ വൈദ്യുതിബോർഡ്?



ഡിജോ കാപ്പൻ

പാർലമെന്റ് പാസ്സാക്കിയ വൈദ്യുതിനിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ചട്ടങ്ങളിലും മാറ്റം വന്നിട്ടുണ്ട്. വൈദ്യുതിഭേദഗതി ചട്ടം 2022 പ്രകാരം വൈദ്യുതി പോയി മൂന്നു മിനിറ്റിനുള്ളിൽ പുനഃസ്ഥാപിച്ചില്ലെങ്കിൽ ഉപഭോക്താവിനു നഷ്ടപരിഹാരം നൽകണം. ദിവസത്തിൽ ഒന്നിലേറെ തവണ വൈദ്യുതി നഷ്ടപ്പെട്ടാലും കേടായ മീറ്ററുകൾ മാറ്റിവയ്ക്കാൻ വൈകിയാലും വോൾട്ടേജുക്ഷാമം ഉണ്ടായാലും വൈദ്യുതിബിൽതർക്കം നിശ്ചിതസമയത്തിനകം പരിഹരിച്ചില്ലെങ്കിലും നഷ്ടപരിഹാരത്തിന് ഉപഭോക്താവിന് അവകാശമുണ്ടായിരിക്കും. താത്കാലിക വൈദ്യുതികണക്ഷന് അപേക്ഷിച്ചു നാല്പത്തിയെട്ടു മണിക്കൂറിനകവും പുതിയ വൈദ്യുതികണക്ഷൻ നഗരങ്ങളിൽ ഏഴു ദിവസത്തിനകവും മുനിസിപ്പാലിറ്റികളിൽ പതിനഞ്ചുദിവസത്തിനകവും ഗ്രാമങ്ങളിൽ മുപ്പതുദിവസത്തിനകവും നൽകണമെന്നു നിയമത്തിൽ പറയുന്നു. എന്നാൽ, കേരളത്തിലെ ഉപഭോക്താവിന് ഇതിൽ എന്തെങ്കിലും ലഭിക്കുന്നുണ്ടോ?

കേരളത്തിന്റെ വൈദ്യുതിയുപയോഗത്തിന്റെ മുപ്പതുശതമാനം ഇവിടുത്തെ ജലസ്രോതസ്സുകളിൽനിന്നു കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിക്കുന്നുണ്ട്. മറ്റൊരു മുപ്പതുശതമാനം കേന്ദ്രസർക്കാർനിലയങ്ങളിൽനിന്നുള്ളതാണ്. പിന്നീട് ആവശ്യം വരുന്ന വൈദ്യുതി സ്വകാര്യ വൈദ്യുതി ഉത്പാദകക്കമ്പനികളിൽനിന്നു വാങ്ങുന്നു. ഇപ്രകാരം പുറത്തുനിന്നു വാങ്ങാൻ തീരുമാനിച്ച വൈദ്യുതി, ചട്ടങ്ങൾ പാലിക്കാതെയാണ് കരാറുണ്ടാക്കിയതെന്നു കണ്ടെത്തിയതിനെ തുടർന്നുള്ള പ്രതിസന്ധിയിലാണ് കെ.എസ്.ഇ.ബി. എത്തിപ്പെട്ടിരിക്കുന്നത്.

വൈദ്യുതിനിയമം 2003 ന്റെ 62, 63 റെഗുലേഷൻപ്രകാരമാണ് വൈദ്യുതി വാങ്ങൽ നടക്കുന്നത്. 62 പ്രകാരമാണ് വൈദ്യുതി വാങ്ങുന്നതെങ്കിൽ നിരക്കു നിശ്ചയിക്കുന്നത് റെഗുലേറ്ററി കമ്മീഷനാണ്. 63 പ്രകാരമാണെങ്കിൽ ബോർഡ് ക്വട്ടേഷൻ വിളിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്കു നൽകണം. 2014-15 ൽ ഇപ്രകാരം 850 മെഗാവാട്ട് വൈദ്യുതി ആവശ്യമുണ്ടെന്നു കണക്കാക്കി ടെൻഡർ ക്ഷണിച്ചു. ടെൻഡർ വിളിക്കുന്നതിനുമുമ്പുതന്നെ കള്ളക്കളി ആരംഭിച്ചുവെന്നു പിന്നീടു നടന്ന സംഭവങ്ങൾ തെളിയിക്കുന്നു.

2014 മാർച്ച് 15 ന് 450 മെഗാവാട്ടിനും ഏപ്രിൽ 24 ന് 400 മെഗാവാട്ടിനുമുള്ള ടെൻഡർ ക്ഷണിച്ചു. ഒന്നാമത്തെ ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ജിൻഡാൽ പവർ ലിമിറ്റഡ് എന്ന കമ്പനി 200 മെഗാവാട്ട് വൈദ്യുതി, യൂണിറ്റിന് 3.60 രൂപപ്രകാരമാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ, രണ്ടാമത്തെ ടെൻഡറിൽ ഇതേ കമ്പനി 150 മെഗാവാട്ട്സിന് ആവശ്യപ്പെട്ട നിരക്ക് 4.29 രൂപയാണ്. ഒറ്റ ടെൻഡറായിരുന്നെങ്കിൽ 350 മെഗാവാട്ട് വൈദ്യുതി 3.60 രൂപയ്ക്കു ലഭിച്ചേനെ. കേന്ദ്രസർക്കാർ കേരളത്തിന് സബ്സിഡിനിരക്കിൽ നൽകുന്ന കൽക്കരി ഉപയോഗിച്ചാണ് ഈ കമ്പനികൾ വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. മാർച്ചുമാസത്തെ ടെൻഡറിൽ കമ്പനി ഫിക്സഡ്കോസ്റ്റായി ചെലവാകുന്നത് 2.74 രൂപയും തൊട്ടടുത്ത മാസം ഇതേ ഇനത്തിലെ ചെലവ് 3.43 രൂപയുമായി കാണിച്ചിരിക്കുന്നത് നീതിബോധമുള്ള ഒരു വ്യക്തിക്കും അംഗീകരിക്കാൻ കഴിയാത്തതാണ്. കമ്പനികളെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ 850 മെഗാവാട്ടിന്റെ കരാർ രണ്ടാക്കി ടെൻഡർ ചെയ്തത് ഗൂഢലക്ഷ്യത്തോടെയാണെന്ന് ഇതു വെളിവാക്കുന്നു. ഇരുപത്തിയഞ്ചു വർഷത്തെ കരാർ കാലയളവിൽ ഒരു യൂണിറ്റിന് 69 പൈസ വച്ച് വരുന്ന വ്യത്യാസം കോടാനുകോടികളായി മാറും.

സുപ്രീംകോടതിവിധി അനുസരിച്ചും കേന്ദ്രസംസ്ഥാനസർക്കാരുകളുടെ മാർഗനിർദേശങ്ങൾ അനുസരിച്ചും കേരളഫിനാൻഷ്യൽ റൂൾപ്രകാരവും ഒരു ടെൻഡറിൽ എൽ വൺ ആയി ക്വാട്ട് ചെയ്ത കമ്പനിയുമായിട്ടു മാത്രമേ എഗ്രിമെന്റിൽ ഏർപ്പെടാവൂ. എൽ വൺ കമ്പനിക്ക് ടെൻഡറിൽ ആവശ്യപ്പെട്ടയത്രയും വൈദ്യുതി നൽകാൻ കഴിയുന്നില്ലെങ്കിൽ ആവശ്യമായ യൂണിറ്റിന് എൽടുവുമായി കരാറിൽ ഏർപ്പെടാം. അവർ ക്വാട്ട് ചെയ്ത ഉയർന്ന നിരക്കിൽ നിന്ന് എൽ വൺ നൽകിയ നിരക്കിലേ എഗ്രിമെന്റ് വയ്ക്കാൻ നിയമം അനുവദിക്കുന്നുള്ളൂ. എന്നാൽ, ഒന്നാമത്തെ ടെൻഡറിൽ എൽ ടുവുമായി വന്ന ജാംബു വാ കമ്പനി 115 മെഗാവാട്ട് വൈദ്യുതിക്ക് അവർ രേഖപ്പെടുത്തിയ 4.15 രൂപയ്ക്കുള്ള എഗ്രിമെന്റു വച്ചു. ഇതു നിയമലംഘനമാണെന്ന് പകൽപോലെ വ്യക്തം. ഒന്നാമത്തെയും രണ്ടാമത്തെയും ടെൻഡർ എഗ്രിമെന്റുകൾ ഒപ്പുവച്ചിരിക്കുന്നത് 2014 ഡിസംബർ 29 നാണ്. പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇതേ കാലത്ത് ഈ വിതരണക്കമ്പനികൾ തമിഴ്നാട്ടിലും കർണാടകയിലും ആന്ധ്രായിലും എട്ടുമുതൽ പതിനഞ്ചുവർഷത്തേക്കുള്ള കരാറിൽ ഏർപ്പെട്ടത് മൂന്നു രൂപയിൽ താഴെമാത്രം ഫിക്സഡ് ഡിപ്പോസിറ്റ് വാങ്ങിയാണ്.

ഡാബ് (Design Build Finance Operation 8 own)വ്യവസ്ഥയിൽ ഒരു മെഷീനിൽനിന്ന് ഒരേസമയം രണ്ടു ഫിക്സഡ് കോസ്റ്റ് നിശ്ചയിക്കാൻ കഴിയില്ല. ജിൻഡാൽ കമ്പനി ഛത്തീസ്ഗഡ് പ്ലാന്റിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വ്യത്യസ്ത ടെൻഡറുകളിൽ 69 പൈസയുടെ മാറ്റം ഉണ്ടായിരുന്നു. പ്രസ്തുത കമ്പനിയുടെ ആദ്യ ടെൻഡറിന് റെഗുലേറ്ററി കമ്മീഷൻ അംഗീകാരം നൽകി. രണ്ടാമത്തേത് നിയമവിധേയമല്ലെന്നു കണ്ട് ക്യാൻസൽ ചെയ്തു. അല്ലാതെ വൈദ്യുതി വാങ്ങാനുള്ള എല്ലാ കരാറുകളും ക്യാൻസൽ ചെയ്തിട്ടില്ല.

രണ്ടാമത്തെ ടെൻഡറിൽ എൽ വൺ ആയിട്ടുള്ള ബാൽകോയുടെ 110 മെഗാവാട്ടിനും അംഗീകാരം നൽകി. അല്ലാതെ പ്രചരിപ്പിക്കപ്പെടുന്നതുപോലെ എല്ലാ കരാറുകളും റദ്ദു ചെയ്തിട്ടില്ല. സാധാരണ ഉപഭോക്താക്കളുടെ ഇടയിൽ റെഗുലേറ്ററി കമ്മീഷനെ പ്രതിക്കൂട്ടിൽ നിറുത്താൻ ബോർഡിലെ തത്പരകക്ഷികൾ നടത്തുന്ന പ്രചാരണം അപലപനീയമാണ്. ഇക്കൂട്ടർതന്നെയായിരുന്നു ബോർഡിനെ നല്ല നിലയിൽ നയിച്ചുകൊണ്ടിരുന്ന ചെയർമാൻ ഡോ. ബി. അശോകിനെ തൽസ്ഥാനത്തുനിന്നു മാറ്റാൻ ചരടുവലിച്ചതും.

▸9



# മലയാളത്തിന്റെ മഹാപ്രതിഭ

**മലയാളത്തിന്റെ സാഹിത്യചക്രവർത്തി കേരളവർമ വലിയകോയിത്തമ്പുരാൻ അന്തരിച്ചിട്ട് സെപ്റ്റംബർ 22 ന് 109 വർഷം**



ഡോ. കുര്യാസ് കുമ്പളക്കുഴി

സാഹിത്യ ചക്രവർത്തി എന്നൊരു പദവി ഏതെങ്കിലും ഭാഷയിലോ സാഹിത്യത്തിലോ ഉള്ളതായി അറിവില്ല. പക്ഷേ, മലയാളസാഹിത്യത്തിൽ അങ്ങനെ അറിയപ്പെട്ട ഒരു മഹാപ്രതിഭാവാൻ ഉണ്ടായിരുന്നു, പത്തൊമ്പതാം നൂറ്റാണ്ടിൽ. അദ്ദേഹമാണ് കേരളവർമ വലിയകോയിത്തമ്പുരാൻ. 1845 മുതൽ 1914 വരെയാണ് അദ്ദേഹത്തിന്റെ ജീവിതകാലം. അക്കാലഘട്ടത്തിൽ കേരളത്തിലെ സംസ്കൃത, മലയാളസാഹിത്യമേഖലകളിലെല്ലാം ചക്രവർത്തിസമാനമായ ആധിപത്യമാണ് കേരളവർമയ്ക്കുണ്ടായിരുന്നത്. ഇന്നത്തെ തലമുറയ്ക്കു വിശ്വസിക്കാനാവാത്തവിധം വിപുലമായിരുന്നു കേരളവർമയുടെ സാഹിത്യജീവിതവും സാംസ്കാരികസ്വാധീനവും.

ചങ്ങനാശേരിയിൽ ഇന്നും നിലവിലുള്ളതാണ് ലക്ഷ്മീപുരത്തുകൊട്ടാരം. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മലബാറിൽനിന്നു പലായനം ചെയ്തു തിരുവിതാംകൂർരാജാവിനെ അഭയം പ്രാപിച്ച പരപ്പനാട്ടു രാജവംശത്തിലെ അംഗങ്ങൾക്കു താമസിക്കാൻ ചങ്ങനാശേരിയിൽത്തന്നെ ഉണ്ടായിരുന്ന നീരാഴിക്കൊട്ടാരമാണ് ആദ്യം അനുവദിച്ചത്. ഈ രാജകുടുംബത്തിലെ അംഗമായ രാജരാജവർമ തിരുവിതാംകൂർ രാജകുടുംബത്തിലെ റാണി ലക്ഷ്മിബായിയെ വിവാഹം കഴിച്ചു. ഇവരുടെ പുത്രനാണു പിൽക്കാലത്തു തിരുവിതാംകൂർ രാജാവായ ശ്രീമൂലം തിരുനാൾ രാമവർമ.

രാജരാജവർമയുടെ സഹോദരി അംബാദേവി തമ്പുരാട്ടിയെ തളിപ്പറമ്പ് മുല്ലപ്പള്ളി നാരായണൻനമ്പൂതിരി വിവാഹം ചെയ്തു. ഈ ദമ്പതിമാരുടെ മകനാണ് കേരളവർമ. ജനനം 1845 ഫെബ്രുവരി 19. അഞ്ചു വയസ്സായപ്പോൾ കേരളവർമ സംസ്കൃത പഠനം ആരംഭിച്ചു. പത്താം വയസ്സിൽ, അമ്മാവൻ രാജരാജവർമ കോയിത്തമ്പുരാൻ കേരളവർമയെ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. തുടർന്നുള്ള പഠനവും പരിശീലനവുമെല്ലാം അമ്മാവന്റെ മേൽനോട്ടത്തിലായിരുന്നു.

ചെറുപ്പത്തിൽത്തന്നെ കേരളവർമയുടെ കവിതാവാസന അമ്മാവന്റെയും മറ്റും ശ്രദ്ധയിൽപ്പെട്ടു. അക്കാര്യത്തിൽ വളരെ പ്രോത്സാഹജനകമായ അന്തരീക്ഷമാണു കൊട്ടാരത്തിലുണ്ടായിരുന്നത്. ആദ്യകാലരചനകളെല്ലാം സംസ്കൃതത്തിലായിരുന്നു. പതിനാറു വയസ്സുള്ളപ്പോൾ, ആയില്യം തിരുനാൾ മഹാരാജാവിനുള്ള ജന്മദിനോപഹാരമായി 'തിരുനാൾ പ്രബന്ധം' എന്ന സംസ്കൃതകാവ്യം എഴുതി സമർപ്പിച്ചു.

പതിന്നാലു വയസ്സുള്ളപ്പോൾ കേരളവർമ വിവാഹിതനായി. മാവേലിക്കര കൊട്ടാരത്തിൽനിന്നു തിരുവിതാംകൂറിലേക്കു ദത്തെടുക്കപ്പെട്ട ലക്ഷ്മിബായിയായിരുന്നു വധു. ലക്ഷ്മിബായിയുടെ സ്ഥാനപ്പേര് ആറ്റിങ്ങൽ മൂത്തതമ്പുരാൻ എന്നായിരുന്നു. അങ്ങനെ വിവാഹത്തോടെ കേരളവർമ, കേരളവർമ വലിയകോയിത്തമ്പുരാനായി.

രാജപദവിയും രാജകീയ ജീവിതസൗകര്യങ്ങളും എല്ലാമുണ്ടായിരുന്നെങ്കിലും കേരളവർമയുടെ മനസ്സുറച്ചതു സാഹിത്യത്തിലായിരുന്നു, സമ്പന്നമായ സാഹിത്യജീവിതം. ഒന്നിനു പിറകേ ഒന്നായി നിരവധി സംസ്കൃതവാക്യങ്ങൾ ആ തൂലികയിൽനിന്നു ജന്മംകൊണ്ടു. ആട്ടക്കഥകൾ, ചമ്പുക്കൾ, മഹാകാവ്യം എന്നിങ്ങനെ വിവിധ കാവ്യശാഖകളിലായി മുപ്പതിലധികം കൃതികൾ.

രാജാവിന്റെ സംപ്രീതി ഭൂമിയിൽ സ്വർഗം തീർക്കും. രാജകോപത്തിൽനിന്നുണ്ടാകാവുന്നതു നരകവും. ഇതു രണ്ടും അനുഭവിക്കാൻ വിധിയുണ്ടായിരുന്നു കേരളവർമയ്ക്ക്. എല്ലാ അധികാരകേന്ദ്രങ്ങളും ഉപജാപങ്ങളുടെ കൂടാരംകൂടിയായിരിക്കും. തിരുവിതാംകൂർ രാജകുടുംബത്തിന്റെ സ്ഥിതിയും മറിച്ചായിരുന്നില്ല. അത്തരമൊരു ഉപജാപത്തിൽ ദൗർഭാഗ്യവശാൽ കേരളവർമയും പെട്ടുപോയി. കേരളവർമ അറസ്റ്റുചെയ്യപ്പെട്ടു. കൊട്ടാരത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ട്, ആലപ്പുഴ കൊട്ടാരത്തിൽ പോയി താമസിച്ചുകൊള്ളാനായിരുന്നു രാജകല്പന. ഭാര്യയെ ഒപ്പം കൊണ്ടുപോകാനും അനുവദിച്ചില്ല. ദുസ്സഹമായ ഏകാന്തവാസമായിരുന്നു ശിക്ഷ. അന്ന് രാജാവ് ആയില്യം തിരുനാൾ. രാജാവിന്റെ സഹോദരീപുത്രിയാണ് ലക്ഷ്മീബായി. ആ പരിഗണനയും കേരളവർമയ്ക്കു ലഭിച്ചില്ല. അറസ്റ്റും ശിക്ഷയും 1875 ലായിരുന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ ആലപ്പുഴയിൽനിന്ന് ഹരിപ്പാട്ടു കൊട്ടാരത്തിലേക്കു മാറ്റി. 1880 ൽ ആയില്യം തിരുനാൾ മരണമടഞ്ഞു. അനുജൻ വിശാഖം തിരുനാൾ സ്ഥാനമേറ്റു. രാജാവിന്റെ ആദ്യ ഉത്തരവുതന്നെ കേരളവർമയുടെ മോചനമായിരുന്നു. അഞ്ചു വർഷം നീണ്ട ശിക്ഷയ്ക്കുശേഷം അദ്ദേഹം തിരുവനന്തപുരത്തു മടങ്ങിയെത്തി. അക്ഷരാർഥത്തിൽ തന്നെ അതൊരു രണ്ടാം ജന്മമായിരുന്നു കേരളവർമയ്ക്ക്.



ശിക്ഷിക്കപ്പെട്ടത് കേരളവർമയായിരുന്നെങ്കിലും ശിക്ഷയനുഭവിച്ചതു രണ്ടുപേരാണ്; കേരളവർമയും പ്രിയപത്നി ലക്ഷ്മീബായിയും. ആരാണു കൂടുതൽ വേദനിച്ചത് എന്നു പറയാനാവില്ല. ഭാര്യാഭർത്തൃബന്ധത്തിന് ഇന്നത്തേതുപോലെ ദാർഢ്യമൊന്നുമില്ലാതിരുന്ന അക്കാലത്ത്, ദീർഘമായ വിരഹവേളയിലും ആ ബന്ധം തകരാതെ നിലകൊണ്ടുവെന്നത്, ഒട്ടൊക്കെ ആശ്ചര്യകരംതന്നെ. ലക്ഷ്മീബായിയോടു കേരളവർമയെ മറക്കാനും മറ്റൊരു വിവാഹം കഴിക്കാനും നിർബന്ധിച്ചതു മഹാരാജാവുതന്നെയായിരുന്നു. പക്ഷേ, ആ മനസ്സിനി ചെറുത്തുനിന്നു. അവർ കേരളവർമയെ അത്രയധികം സ്നേഹിച്ചിരുന്നു എന്നല്ലാതെ മറ്റെന്താണു കാരണം? എങ്കിലും, അവരുടെ ഒരു ദുഃഖത്തിന് ഒരിക്കലും പരിഹാരമുണ്ടായില്ല. ആ ദമ്പതിമാർക്കു കുട്ടികളുണ്ടായിരുന്നില്ല.

കേരളവർമയുടെയും ലക്ഷ്മിറാണിയുടെയും വിരഹദുഃഖം മലയാളകവിതയുടെ മഹാനുഗ്രഹമായി കലാശിച്ചു. അല്ലായിരുന്നെങ്കിൽ മയൂരസന്ദേശം എന്ന മനോഹരകാവ്യം എഴുതപ്പെടുമായിരുന്നില്ല. ഹരിപ്പാട്ടുകൊട്ടാരത്തിൽ ഏകാന്തവാസം അനുഭവിക്കുന്ന കാലത്ത്, സമീപത്തുള്ള സുബ്രഹ്മണ്യക്ഷേത്രത്തിൽ തൊഴാനെത്തിയപ്പോൾ കണ്ട മയിൽവഴി, തന്നോടുള്ള വേർപാടുകൊണ്ടു മനസ്സുരുകിക്കഴിയുന്ന റാണിക്ക് ഒരു സന്ദേശം കൊടുത്തയയ്ക്കുന്നതായി ഭാവന ചെയ്തുകൊണ്ട് കേരളവർമ എഴുതിയതാണ് മയൂരസന്ദേശം. അതെഴുതിയതു പക്ഷേ, മോചനം ലഭിച്ച് 15 വർഷം കഴിഞ്ഞ് 1895 ൽ മാത്രമാണ്. അത്രകാലമായിട്ടും മുറിവുണങ്ങാത്ത ഒരു ഭർതൃഹൃദയത്തിന്റെ തേങ്ങലുകൾ മയൂരസന്ദേശത്തിലുടനീളം നമുക്കു കേട്ടറിയാനാവും.

മയൂരസന്ദേശം ഔപചാരിക സ്വഭാവമുള്ള ഒരു സന്ദേശകാവ്യം മാത്രമല്ല, ദുരനുഭവങ്ങൾ നീന്തിക്കടക്കാൻ വിധിക്കപ്പെട്ട ഒരു ഭാര്യയുടെയും ഭർത്താവിന്റെയും ഹൃദയം നുറുങ്ങിയ നിലവിളി കൂടിയാണത്. രാജകുടുംബാംഗങ്ങളായിരുന്നിട്ടും, ഭർത്താവിനെയും ഭാര്യയെയും എപ്പോൾ വേണമെങ്കിലും മാറ്റിയെടുക്കാമായിരുന്നിട്ടും, "ദിഷ്ടക്കേടാൽ വരുവതു പരീഹാരമില്ലാത്തതല്ലോ" എന്ന സാമാന്യതത്ത്വത്തിനു കീഴടങ്ങി, എല്ലാ ദുഃഖങ്ങളും ഒരിക്കൽ അവസാനിക്കാതിരിക്കില്ല എന്ന ശുഭപ്രതീക്ഷയോടെ, ഹൃദയം നീറ്റുന്ന വേദനയത്രയും നിശ്ശബ്ദം സഹിക്കുന്ന, ചോരയൊലിക്കുന്ന രണ്ടു ഹൃദയങ്ങൾ അക്കാര്യത്തിൽ വായനക്കാരനെ തേങ്ങിക്കരയിക്കുംവിധം കടുംനിറമാർന്ന വാക്കുകളിൽ വരച്ചുചേർക്കപ്പെട്ടിരിക്കുന്നു. ഈ വസ്തുത ഉൾക്കൊള്ളാതെ ചില മുഖ്യവിമർശകർതന്നെ കാവ്യത്തിലെ പ്രാസദീക്ഷയുടെയും പദസമൃദ്ധിയുടെയും പേരിൽ കേരളവർമയെ വല്ലാതെ ആക്ഷേപിച്ചിട്ടുണ്ട്.

കേരളവർമയെപ്പോലെ പ്രതിഭാസമ്പന്നനും വശ്യവചസ്സുമായ ഒരു കവിയെ ഉപരിപ്ലവമായ ചില സമാനതകളുടെ പേരിൽ അനുകരണദോഷത്തിനു വിചാരണ ചെയ്യാനും അക്കൂട്ടർ മടിച്ചിട്ടില്ല.

"പാലിക്കാനായ് ഭുവനമഖിലം
ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം
കാത്ത കണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ
കാഴ്ചയായ് വച്ചിടേണം
മൗലിക്കെട്ടിൽ തിരുകുമതിനെ
ത്തീർച്ചയായ് ഭക്തദാസൻ"

എന്ന മയൂരസന്ദേശപദ്യം,

"കാലിക്കാലിൽ തടവിന പൊടി
ച്ചാർത്തുകൊണ്ടാത്തശോഭം
പീലിക്കണ്ണാൽ കലിതചികുരം
പീതകൗശ്രയ വീതം
കോലും കോലക്കുഴലുമിയലും
ബാലഗോപാലലീലം
നീലംകോലം തവനിയതവും
കോയിൽ കൊൾകെങ്ങൾ
ചേതഃ"

എന്ന ഉണ്ണുനീലിസന്ദേശപദ്യത്തിന്റെ അനുകരണമാണത്രേ. രൂപത്തിൽനിന്നു ഭാവത്തിലേക്കു കണ്ണുപായിക്കാൻ കഴിയാതെ പോയ നിരൂപകമ്മന്യന്മാരോടു സഹതപിക്കുകയല്ലാതെ മറ്റെന്താണു നമുക്കു ചെയ്യാനാവുക? മലയാളസാഹിത്യത്തിനു ലഭിച്ച മഹത്തായ കാവ്യസംഭാവനകളിലൊന്നാണു മയൂരസന്ദേശം എന്നു നമ്മൾ കൃതജ്ഞതാപൂർവം അനുസ്മരിക്കേണ്ടിയിരിക്കുന്നു.

വാക്കുകളുടെ കുലപതിയായിരുന്ന കേരളവർമയ്ക്ക് ഏതു വിധത്തിലുള്ള പ്രാസം ദീക്ഷിച്ചും അസാധാരണമായ ശബ്ദഭംഗിയോടെ കാവ്യരചന നിർവഹിക്കുന്നതിനുള്ള പ്രതിഭാബലം ഉണ്ടായിരുന്നു. പരിഭാഷകളിൽപോലും അദ്ദേഹം അതു കൃത്യമായി പിന്തുടർന്നിരുന്നു. എന്നാൽ, ദ്വിതീയാക്ഷരപ്രാസംപോലും കവിതയ്ക്കാവശ്യമില്ല എന്ന പക്ഷക്കാരുമുണ്ടായിരുന്നു. അവരിൽനിന്നുണ്ടായ പ്രാസം ഉപേക്ഷിച്ചു കവിതയെഴുതണം എന്ന ആഹ്വാനത്തെ കേരളവർമ എതിർത്തു. ഇതു ചേരിതിരിഞ്ഞുള്ള ഒരു വിവാദത്തിനിടയാക്കി. അതാണ് മലയാളസാഹിത്യചരിത്രത്തിലെ പ്രസിദ്ധമായ പ്രാസവാദം. വാദപ്രതിവാദങ്ങൾകൊണ്ട് ഒരു സാഹിത്യലഹളയുടെ അന്തരീക്ഷം തന്നെ സൃഷ്ടിക്കപ്പെട്ടു. ഇതിൽ ഏതെങ്കിലും ഒരുപക്ഷം ജയിച്ചു എന്നോ മറുപക്ഷം പരാജയപ്പെട്ടു എന്നോ പറയാനില്ല. മലയാളകവിതയിൽ അതുവരെ ഉണ്ടായിട്ടില്ലാത്ത ഉണർവും ഉത്സാഹവും അനുഭവപ്പെട്ടുവെന്നതാണു വാസ്തവം. ഇരുപക്ഷക്കാരുടെയും രചനകൾകൊണ്ടു മലയാളകവിതയുടെ ഈടുവയ്പ് ഏറെ സമ്പന്നമാകുകയും ചെയ്തു.

1882 ൽ കേരളവർമ കാളിദാസന്റെ വിഖ്യാതനാടകം അഭിജ്ഞാനശാകുന്തളം മലയാളത്തിലേക്കു മൊഴിമാറ്റി. 1866 ൽ ഷേക്സ്പിയറുടെ 'കോമഡി ഓഫ് എറേഴ്സ്' ആൾമാറാട്ടം എന്ന പേരിൽ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിരുന്നെങ്കിലും ഇവിടെ ഒരു നാടകയുഗം ആരംഭിച്ചിരുന്നില്ല. കേരളവർമയുടെ ശാകുന്തളംതർജമ കേരളത്തിൽ പലയിടങ്ങളിലും അഭിനയിക്കപ്പെട്ടു. അതോടെ അന്തരീക്ഷം മാറി. നിരവധി സംസ്കൃതനാടകങ്ങളും കാവ്യങ്ങളും മലയാളികൾക്കു പരിഭാഷകളായി ലഭിച്ചു. അവയുടെ മാതൃകയിൽ സ്വതന്ത്രനാടകങ്ങളും രൂപംകൊണ്ടു. അതോടെ, കേരളകാളിദാസൻ എന്ന അപരാഭിധാനം മാത്രമല്ല, മലയാളനാടകത്തിന്റെ പിതാവ് എന്ന ബഹുമതിയും അദ്ദേഹത്തിനു ലഭ്യമായി. അമരുകശതകം, അന്യാപദേശശതകം എന്നീ സംസ്കൃതകാവ്യങ്ങളും കേരളവർമ മലയാളത്തിലേക്കു മൊഴിമാറ്റിയിട്ടുണ്ട്.

*ശേഷം 9-ാം പേജിൽ*






ജ്യോതിലക്ഷ്മി നമ്പ്യാർ



"പാറിനടക്കും പക്ഷികളൊന്നും വേളികഴിക്കാറില്ലല്ലോ! കൂടെയുറങ്ങാൻ മാര്യേജ് ആക്ടും താലിയുമൊന്നും വേണ്ട! ഒത്തുകഴിഞ്ഞു മടുത്താൽ പിന്നെ ഗുഡ് ബൈ ചൊല്ലി പിരിയാം" ഇത്തരത്തിലുള്ള 'ന്യൂജെൻ' മുദ്രാവാക്യങ്ങൾ കുടുംബബന്ധങ്ങളുടെ പുത്തൻ നിർവചനങ്ങളും സമവാക്യങ്ങളും നിർമിച്ചെടുക്കുന്നത് വലിയ ആശങ്കയോടെയേ കാണാനാവൂ.

കുട്ടികളും യുവാക്കളും മുതിർന്നവരും ഒരുമിച്ചിരുന്നു സംസാരിച്ചും ആശയവിനിമയങ്ങൾ നടത്തിയും പൊതുക്കാര്യങ്ങൾ ചർച്ചചെയ്തും ജീവിച്ചിരുന്ന ഒരു കൂട്ടുകുടുംബവ്യവസ്ഥ അടുത്തകാലം വരെ നിലനിന്നിരുന്നു. ഇവർ ദിവസത്തിൽ ഒരുനേരമെങ്കിലും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാനും പ്രാർഥിക്കാനും സമയം കണ്ടെത്തിയിരുന്നു. കുഞ്ഞുങ്ങളെ ഭക്ഷണം കഴിപ്പിക്കാനും കഥകൾ പറഞ്ഞുകൊടുത്ത് ഉറക്കാനും ഓരോ വീട്ടിലും പ്രായംചെന്നവർ ഉണ്ടായിരുന്നു. ഇതിലൂടെ അവർ പുതുതലമുറയ്ക്കു കൈമാറിയിരുന്നത് ആ കുടുംബത്തിന്റെ തനതായ സംസ്കാരമായിരുന്നു, കുടുംബത്തിലെ ചിട്ടകളായിരുന്നു. ഓരോ തലമുറയ്ക്കും അവർക്കുമുമ്പേ കടന്നുപോയവർ വേണ്ടുന്ന ദിശാബോധം നൽകിയിരുന്നു. നമ്മുടെ തനതായ ഭാഷയും സംസ്കാരവും അവരെ പഠിപ്പിക്കുന്നതിൽ അവർ നിഷ്കർഷ പാലിച്ചിരുന്നു.

എന്നാൽ, ഇന്ന് കൂട്ടുകുടുംബം അണുകുടുംബത്തിലേക്കു ചേക്കേറിയതോടെ കുടുംബാന്തരീക്ഷത്തിൽ സാരമായ മാറ്റങ്ങളുണ്ടായി. ഉദ്യോഗസ്ഥരായ യുവദമ്പതികൾക്കു യാന്ത്രികമായ ജീവിതത്തിനിടയിൽ പരസ്പരം സംസാരിക്കാനുള്ള സമയമില്ലാതായി. വീണ്ടുവിചാരവും വിവേകവും കുറയുമെങ്കിലും ഊർജസ്വലതയും കർമോത്സുകതയും ധീരതയുംകൊണ്ടു സമ്പന്നരാണ് യുവാക്കൾ. ഭവിഷ്യത്തുക്കളെക്കുറിച്ചു ബോധവാന്മാരാകാതെ ഇന്ദ്രിയസുഖങ്ങൾക്കു പിറകേപോകാനുള്ള വ്യഗ്രത ചെറുപ്പക്കാരിൽ പ്രകടമാണ്. കൂടുതൽ ഭൗതിക സുഖസൗകര്യങ്ങളുടെയും ആഡംബരങ്ങളുടെയും പിറകേ പായുമ്പോൾ കുടുംബബന്ധങ്ങൾക്കു പ്രാധാന്യം ഇല്ലാകുന്നു. ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവ് നഷ്ടപ്പെടുത്തിയാൽ എന്താണു ഫലമെന്ന ബൈബിൾ വചനം ഇന്നത്തെ തലമുറയെക്കുറിച്ച് ആലോചിക്കുമ്പോൾ തീർത്തും ശരിയാണ്.

കുടുംബം എന്ന സങ്കല്പത്തിന്റെ പ്രധാന കണ്ണികളാണ് ദമ്പതിമാർ. കുട്ടികൾക്കു മുന്നിലുള്ള അവരുടെ പെരുമാറ്റം, സംസാരം, പരസ്പരബഹുമാനം തുടങ്ങിയവ നല്ല രീതിയിലാകുന്നുവെങ്കിൽമാത്രമേ ആ പാരമ്പര്യം വരുംതലമുറയിലേക്കും പകരാൻ കഴിയുകയുള്ളൂ. എന്നാൽ, ഇന്നത്തെ അണുകുടുംബങ്ങളിൽ പലപ്പോഴും കാണാറുള്ളത് പരസ്പര കിടമത്സരങ്ങളാണ്. ഞാൻ വിചാരിച്ചതുപോലെ കാര്യങ്ങൾ നീങ്ങണമെന്നു ഭാര്യ ചിന്തിക്കുമ്പോൾ, ശരിയോ തെറ്റോ എന്നില്ലാതെ പുരുഷൻ ഞാൻ പറയുന്നതായിരിക്കണം ഈ കുടുംബത്തിൽ നടപ്പാക്കേണ്ടതെന്നു ശഠിക്കുന്നു. ഇവയ്ക്കു സാക്ഷിയാകുന്ന കുരുന്നുമനസ്സുകളിൽ (വരുംതലമുറയിൽ) മുളച്ചുവരുന്ന കുടുംബസങ്കല്പങ്ങളും അതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും.

ഇന്നത്തെ യുവതലമുറയ്ക്ക് കുടുംബത്തെക്കുറിച്ചു വ്യക്തമായ ഒരു സങ്കല്പമോ കാഴ്ചപ്പാടോ ഇല്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അതിനാൽ, വളരെ ചെറിയ വിഷയങ്ങൾപോലും വിവാഹമോചനത്തിനും കുടുംബത്തകർച്ചയ്ക്കും ഇടവരുത്തുന്നു. വളരെ നിസ്സാരമായ കാര്യങ്ങൾക്കുപോലുമുള്ള പിടിവാശിയും കടുംപിടിത്തവും കുടുംബബന്ധങ്ങൾ ശിഥിലപ്പെടുത്തുന്നു. ഓരോ വീട്ടിലും ഒരു കുട്ടി, അല്ലെങ്കിൽ രണ്ടു കുട്ടികൾ – ഇതാണ് ഇന്നത്തെ കുടുംബം. ഈയൊരു സാഹചര്യത്തിൽ മാതാപിതാക്കളുടെ മുഴുവൻ ശ്രദ്ധയും ലാളനയും ലഭിച്ചു വളർന്ന കുട്ടികൾ വിട്ടുവീഴ്ചകൾക്കു തയ്യാറാകില്ല. മാത്രമല്ല, ഇവരുടെ വിവാഹം കഴിഞ്ഞാലും മാതാപിതാക്കൾ അവരുടെ ഓരോ കാര്യങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കും. പല സന്ദർഭങ്ങളിലും ഈ കാരണവും വിവാഹമോചനങ്ങളിൽ കൊണ്ടെത്തിക്കാറുണ്ട്.

ഓരോ മതവും വിവാഹബന്ധങ്ങൾക്കും കുടുംബസങ്കല്പങ്ങൾക്കും അതിന്റേതായ ചില നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്നുണ്ട്. ഇതിൽ ആത്മീയത ഉൾക്കൊണ്ടിരിക്കുന്നു. ഭാരതത്തിനു തനതായ ഒരു സംസ്കാരം ഉണ്ടായിരുന്നു. എന്നാൽ, ഇന്ന് പാശ്ചാത്യസംസ്കാരങ്ങളെ ജനങ്ങൾ അനുകരിക്കാൻ ഇഷ്ടപ്പെട്ടുതുടങ്ങിയപ്പോൾ ആർഷഭാരതത്തിന്റെ തനതായ സംസ്കാരത്തിൽ മാറ്റങ്ങൾ സംഭവിച്ചു. പാശ്ചാത്യ സംസ്കാരങ്ങൾ മോശപ്പെട്ടവയാണെന്നു പറയുന്നില്ല. എന്നാൽ, സൗകര്യപ്രദമായ പാശ്ചാത്യസംസ്കാരത്തിന്റെ കടന്നുകയറ്റത്തിൽ നമ്മുടെ സംസ്കാരത്തിനു മൂല്യച്യുതി സംഭവിച്ചു. അതിന്റെ സ്വാധീനം വിവാഹബന്ധത്തിലും, കുടുംബരൂപീകരണത്തിലും നമുക്കു കാണാൻ കഴിയും. വിവാഹത്തിനുമുമ്പ് സിനിമാശൈലിയിലുള്ള 'സേവ് ദി ഡേറ്റ്' ഫോട്ടോഷൂട്ട് നടത്തുന്ന കാലഘട്ടമാണിത്. അതുപോലെതന്നെ 'ലിവിങ് ടുഗെതർ', 'ഡേറ്റിങ്' തുടങ്ങിയ പല തലങ്ങളിലേക്കും സ്ത്രീപുരുഷബന്ധങ്ങൾ വഴിമാറിത്തുടങ്ങി. ഇതോടെ ആത്മാർഥമായ ഒരു കുടുംബബന്ധത്തിനു സ്ഥാനമില്ലാതായി. തമ്മിൽ മനസ്സിലാക്കി നല്ലൊരു ജീവിതം നയിക്കുന്നതിനല്ല; മറിച്ച്, ശാരീരികാഭിനിവേശങ്ങളെ തൃപ്തിപ്പെടുത്തുന്നതിനാണ് അവർ പ്രാധാന്യം നൽകുന്നത്. ഇത്തരത്തിലുള്ള ബന്ധങ്ങളിൽ വിവാഹമെന്നത് എന്തോ ഒരു ആകാംക്ഷയും അതിഭാവുകത്വവുംമാത്രമാണ്. അതിനപ്പുറം ആത്മാർഥമായ ഒരു ബന്ധത്തിലേക്കോ കുടുംബജീവിതത്തിലേക്കോ ഇത് യുവാക്കളെ നയിക്കുന്നില്ല.

കുടുംബസങ്കല്പങ്ങളെ താറുമാറാക്കുന്ന ഒന്നാണ് സോഷ്യൽ മീഡിയകൾ. അച്ഛനും അമ്മയും കുട്ടികളും ഉൾപ്പെടുന്ന ഒരു കുടുംബം കാറിൽ സഞ്ചരിക്കുകയാണെന്നു കരുതുക. എല്ലാവരും പരസ്പരം ഒന്നും ഉരിയാടാതെ തങ്ങളുടെ മൊബൈൽഫോണിൽ തങ്ങളുടേതായ ലോകത്തായിരിക്കും. ഒരേസമയം സോഷ്യൽ മീഡിയയിലൂടെ പലർക്കും സന്ദേശങ്ങൾ അയയ്ക്കുകയും അവരെല്ലാവരുമായി ബന്ധംവയ്ക്കുകയും ചെയ്യുന്നവർ നിരവധിയുണ്ട്. ഈ കൂട്ടുകെട്ടുകളിൽ ഒട്ടും കാര്യഗൗരവം കാണാറില്ല. സമൂഹമാധ്യമങ്ങളിലൂടെ പരിചയപ്പെടുന്ന പ്രായപൂർത്തിയാകാത്ത ആൺകുട്ടിയും പെൺകുട്ടിയും ശാരീരിക സുഖം തേടി ഒളിച്ചോടിപ്പോകുന്നത് ഒരു സാധാരണ വാർത്തയായി മാറിയിരിക്കുന്നു. സോഷ്യൽ മീഡിയയിലൂടെയുള്ള വിവാഹേതരബന്ധങ്ങളും ഇന്ന് സർവ്വസാധാരണമായിരിക്കുകയാണ്. നല്ലൊരു കുടുംബം കെട്ടിപ്പടുക്കുകയെന്ന സങ്കല്പം ഉള്ളവർക്ക് ഇത്തരത്തിലുള്ള ബന്ധങ്ങളിൽ ഏർപ്പെടാനാകില്ല. ഇത് വിവാഹമോചനങ്ങളിലേക്കും ആത്മഹത്യകളിലേക്കും കൊലപാതങ്ങളിലേക്കും വഴിയൊരുക്കുന്നു.

വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളുടെ കണക്കുകൾതന്നെ ഇന്നത്തെ തലമുറയുടെ ബലഹീനമായ കുടുംബസങ്കല്പങ്ങൾക്കു തെളിവു നല്കുന്നതാണ്. പരസ്പരം മനസ്സിലാക്കണമെന്നോ നല്ലൊരു കുടുംബജീവിതം മുന്നോട്ടുനയിക്കണമെന്നോ ഗൗരവമായി പുതുതലമുറ ചിന്തിക്കാറില്ല. അവരുടെ വാശിയും ആഗ്രഹങ്ങളും സാധിക്കാതെ വരുമ്പോൾ എപ്പോൾ വേണമെങ്കിലും കുടഞ്ഞുകളയാവുന്ന ഒന്നായിട്ടേ അവർ കുടുംബത്തെ കണ്ടിട്ടുള്ളൂ എന്നുതന്നെവേണം പറയാൻ.

നല്ല കുടുംബപരിസ്ഥിതിക്ക് അത്യാവശ്യമായ ഒന്നാണ് അംഗങ്ങൾ തമ്മിൽ പരസ്പരം വ്യക്തമായ ആശയവിനിമയം നടത്തുകയെന്നത്. ഉദ്യോഗസ്ഥരായ ഭാര്യാഭർത്താക്കന്മാർ ആഡംബരങ്ങൾക്കും സുഖസൗകര്യങ്ങൾക്കും പണത്തിനും പിറകേ ഓടിത്തളർന്നു വീടുകളിലെത്തുമ്പോൾ പരസ്പരം സംസാരിക്കാൻ സമയം കണ്ടെത്താറില്ല. പങ്കാളിക്കൊപ്പം ദിവസത്തിൽ കുറച്ചുസമയം ചെലവഴിക്കുക എന്നത് പരസ്പരധാരണയ്ക്കും ആശയവിനിമയത്തിനും ഏറെ ആവശ്യമാണ്. എന്തും പരസ്പരം തുറന്നുസംസാരിക്കുന്നതിലൂടെ തെറ്റുധാരണകളും അവിശ്വാസങ്ങളും ഇല്ലാതാകുന്നു. മാതാപിതാക്കൾ കുട്ടികൾക്കൊപ്പം ഇരുന്ന് ഓരോ ദിവസത്തെയും കാര്യങ്ങൾ സംസാരിക്കുമ്പോൾ കുട്ടികളിൽ ജീവിതത്തെക്കുറിച്ചുള്ള അവബോധം വർദ്ധിക്കുന്നു. അവരിലും നല്ല ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വളരുന്നു. എന്നാൽ, ഇന്ന് സാങ്കേതികവിദ്യകൾ വളർന്നുവന്നപ്പോൾ പരസ്പരം ഉരിയാടുന്ന വാക്കുകൾക്കു ക്ഷാമംവന്നു. സംസാരിക്കാനോ ഒരല്പസമയം പങ്കാളിക്കൊപ്പം ചെലവഴിക്കാനോ മറന്നുപോകുന്നു. എന്തെങ്കിലും ആശയവിനിമയം നടത്തണമെങ്കിൽ അതിനായി സോഷ്യൽ മീഡിയകളെ ആശ്രയിക്കുന്നു. ഇത്തരം വീടുകളിലെ കുട്ടികളും സോഷ്യൽ മീഡിയകളിൽ തളയ്ക്കപ്പെടുന്നു. ഇതിനുത്തരവാദി മാതാപിതാക്കൾ തന്നെയാണ്. കാരണം, കുട്ടികൾക്കൊപ്പം സന്തോഷമായി ചെലവിടാൻ അവരും സമയം കണ്ടെത്താറില്ല. പഠനവും കോച്ചിങ് ക്ലാസുകളും കഴിഞ്ഞു വീട്ടിലെത്തുന്ന കുട്ടിയെ ശാസിക്കാനാണ് പല മാതാപിതാക്കളും സമയം കണ്ടെത്താറുള്ളത്. ജോലിസ്ഥലത്തുണ്ടാകുന്ന പ്രശ്നങ്ങൾക്കു ബലിയാടാകേണ്ടിവരുന്നതും കുട്ടികളായിരിക്കും.

ഇന്നു കാണുന്ന അണുകുടുംബങ്ങളിലെ അംഗങ്ങൾ കെട്ടുറപ്പുള്ള ബന്ധങ്ങൾ സംരക്ഷിക്കുന്നതിലും പരാജയപ്പെടുന്നു. സഹോദരീസഹോദരങ്ങളുമായോ മറ്റു കുടുംബാംഗങ്ങളുമായോ ബന്ധം പുലർത്തുന്നതിൽ ഇവർ തത്പരരല്ല. മാതാപിതാക്കളും ഒന്നോ രണ്ടോ കുട്ടികളും മാത്രമടങ്ങുന്ന ഒരു കുടുംബം ചുറ്റും താമസിക്കുന്നവരുമായോ ബന്ധുക്കളുമായോ ബന്ധം കാത്തുസൂക്ഷിക്കാറില്ല. അതുകൊണ്ടുതന്നെ, എന്തെങ്കിലും പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ആത്മാർഥമായി അഭിപ്രായം ചോദിക്കാനോ, തീരുമാനങ്ങൾ എടുക്കാൻ സഹായിക്കാനോ ആരും ഉണ്ടാകുന്നില്ല. ആയതിനാൽ, അവർ എടുക്കുന്ന തീരുമാനങ്ങൾ മിക്കവാറും അപകടമാകാൻ ഇടയുണ്ട്.

യുവതലമുറയെ കെട്ടുറപ്പില്ലാത്ത കുടുംബബന്ധങ്ങളിലേക്കു നയിക്കുന്ന മറ്റൊരു ഘടകമാണ് ലഹരിയും മയക്കുമരുന്നും. ലഹരിയുടെ മായാപ്രപഞ്ചത്തിൽ അപ്പൂപ്പൻതാടികളായി പറന്നുനടക്കുമ്പോൾ അവരിൽ ശക്തമായ ഒരു കുടുംബത്തെക്കുറിച്ചോ, ഭാവിതലമുറകളെക്കുറിച്ചോ ഒന്നും ചിന്തയുണ്ടാകാറില്ല. താത്കാലികമായ മാനസികസന്തോഷങ്ങൾമാത്രമാണ് അവരെ മുന്നോട്ടു നയിക്കുന്നത്. ഈ സന്തോഷങ്ങളിൽ അവർക്ക് കുടുംബം, തൊഴിൽ, സ്വാഭിമാനം എന്നിവയെല്ലാം നഷ്ടമാകുന്നു. എന്തും ചെയ്യാൻ മടിക്കാത്ത പൈശാചികസമൂഹത്തെ വാർത്തെടുക്കാൻമാത്രമേ ലഹരിക്കു കഴിയുകയുള്ളൂ.

പരസ്പരവിശ്വാസവും തുറന്നുള്ള ആശയവിനിമയവും ഒരു നല്ല കുടുംബത്തെ പടുത്തുയർത്തുന്നതിൽ പ്രധാനപ്പെട്ടവയാണ്. ഇവയുടെ ആവശ്യകതയെക്കുറിച്ച് പുതുതലമുറയെ ബോധ്യപ്പെടുത്താൻ കഴിയുമെങ്കിൽ ഇന്നത്തെ യുവതലമുറയുടെ കുടുംബസങ്കല്പങ്ങളും ശക്തമാകും. ഇതിലൂടെ വിവാഹമോചനങ്ങളുടെ നിരക്കുകൾ നിയന്ത്രിക്കാം. യുവതലമുറയ്ക്ക് സന്തുഷ്ടകുടുംബം വാഗ്ദാനം ചെയ്യാം. വ്യക്തമായ കുടുംബസങ്കല്പമാണ് കുടുംബബന്ധങ്ങളുടെ ശക്തമായ അടിത്തറ.

■

# മരുന്നിന്റെ അലർജി



ഡോ. ജോർജ് വർഗീസ്

## ദന്തവിദഗ്ധന്റെ ഡയറിക്കുറിപ്പുകൾ 6

**പ്രമുഖ ദന്തചികിത്സാവിദഗ്ധനായ ഡോ. ജോർജ് വർഗീസ് കുന്തറ തന്റെ ദീർഘകാലത്തെ അനുഭവപരിചയത്തിൽനിന്നു തിരഞ്ഞെടുത്ത ചികിത്സാ റിപ്പോർട്ടുകൾ. കോട്ടയം ഗവ. ദന്തൽകോളജ് പ്രിൻസിപ്പലും പുഷ്പഗിരി ദന്തൽ കോളജ് പ്രിൻസിപ്പലുമായിരുന്ന ഡോ. ജോർജ് വർഗീസ് ഇപ്പോൾ പുഷ്പഗിരിയിൽ ഓറൽ & മാക്സിലോ ഫേഷ്യൽ സർജനാണ്.**

**കു**റച്ചു വർഷങ്ങൾക്കു മുമ്പു നടന്ന സംഭവമാണ്. ഒരു ദിവസം വൈകുന്നേരം ഏഴുമണിയോടെ എനിക്കൊരു ഫോൺ കോൾ വന്നു.

"ഇതു ഞാനാണ്. പാലായിൽനിന്ന് അഡ്വക്കേറ്റ് മാത്യു."

"എന്താണ് സാർ?"

"എനിക്ക് ജോർജിനെ അടിയന്തരമായി ഒന്നു കാണണം."

"എന്താണ് സാർ, വല്ല പല്ലു കേസുമാണോ?"

"അല്ലല്ല, നിങ്ങൾ മെഡിക്കൽ കോളജിൽ ചികിത്സിച്ച ഒരു കേസുമായി ബന്ധപ്പെട്ട താണ്."

പാലായിൽ താമസിക്കുന്ന വക്കീൽസാർ അരമണിക്കൂറിനുള്ളിൽ വീട്ടിൽ എത്തി.

ആമുഖമൊന്നുമില്ലാതെ അദ്ദേഹം വിഷയത്തിലേക്കു കടന്നു.

"എന്റെയൊരു കക്ഷി ചികിത്സിച്ച രോഗിയെക്കുറിച്ചാണ്. ജോർജും കണ്ട കേസാണ്. ഇപ്പോൾ നഷ്ടപരിഹാരത്തിനായി ഡോക്ടർക്കെതിരേ ബന്ധുക്കൾ കേസു കൊടുത്തിരിക്കുന്നു. അതിനെക്കുറിച്ച് ചില വിശദാംശങ്ങൾ അറിയുവാനാണ് ഞാൻ ഇപ്പോൾ വന്നിരിക്കുന്നത്."

"എത്രനാൾ മുമ്പാണ്? രോഗിയുടെ പേരെന്താണ്? എന്തായിരുന്നു രോഗം?" ഞാൻ ചോദിച്ചു.

"ഏകദേശം ഒരു വർഷം മുമ്പ് ഡോ. തോമസ് റഫർ ചെയ്ത മരുന്നിന്റെ അലർജിയുമായി ബന്ധപ്പെട്ട കേസാണ്."

ഞാൻ ഓർത്തുനോക്കി. മരുന്നിന്റെ അലർജിയുമായി ബന്ധപ്പെട്ട കേസ് എന്നുപറഞ്ഞപ്പോൾ എല്ലാം എന്റെ ഓർമയിൽ വന്നു.

കോട്ടയം ജില്ലയിൽ ഒരു ചെറിയ പട്ടണത്തിൽ പ്രാക്റ്റീസ് ചെയ്യുന്ന ഡോ. തോമസ് ഒരു ഓണത്തിന്റെ തലേന്നാൾ എന്നെ ഫോണിൽ വിളിച്ചിട്ടു ചോദിച്ചു:

"സാർ നാളെ മെഡിക്കൽ കോളജിലെ ഡെന്തൽ ഒ.പി. യിൽ കാണുമോ?"

"നാളെ ഓണമാണെങ്കിലും ഞാൻ ഒ.പി.യിൽ വരും. എന്നാൽ, അല്പം നേരത്തേ പോകും. എന്താണു കാര്യം?"


"എന്റെ ഒരു പേഷ്യന്റിനെ റഫർ ചെയ്യാനാണ്."

"എന്തുപറ്റി?"

"ഒരാഴ്ചമുമ്പ് ഞാൻ ഒരു പല്ലെടുത്തതാണ്. എടുക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല."

"എന്നിട്ട്?"

"മൂന്നുദിവസംമുമ്പ് പല്ലെടുത്ത സ്ഥലത്ത് വേദനയും, ശരീരത്തിനു നല്ല ക്ഷീണവുമായി രോഗി വന്നു. പരിശോധിച്ചപ്പോൾ മുറിവുണങ്ങാൻ തുടങ്ങുന്നതായി കണ്ടു. നേരത്തേ കൊടുത്തിരുന്ന മരുന്ന് തുടരാൻ നിർദേശിച്ചശേഷം ഞാനൊരു ബി കോംപ്ലക്സ് ക്യാപ്സൂളുംകൂടി എഴുതിക്കൊടുത്തുവിട്ടു. പക്ഷേ, ഇന്നലെ ആൾ വീണ്ടും വന്നിരുന്നു. എഴുന്നേറ്റു നിൽക്കാൻപോലും വയ്യാത്തവിധം ക്ഷീണവും നല്ല പനിയും. അതിനാലാണ് മെഡിക്കൽ കോളജിലോട്ടു റെഫർ ചെയ്യുന്നത്. സാറ് രോഗിയെ പരിശോധിച്ചിട്ട് എന്നെ ഒന്നു വിവരമറിയിക്കണം."



പിറ്റേദിവസം ഒപിയിൽ രോഗികൾ നന്നേ കുറവായിരുന്നു. ഒൻപതര മണിയോടെ ഡോ. തോമസിന്റെ കത്തുമായി രോഗിയെത്തി. 22 വയസ്സുള്ള രേഷ്മ. അമ്മയും ആങ്ങളയും കൂടെയുണ്ട്. അവരുംകൂടി സഹായിച്ചാണ് രേഷ്മയെ ഡെന്റൽ ചെയറിൽ ഇരുത്തിയത്. ഡോക്ടർ കൊടുത്തുവിട്ട എഴുത്തു വായിച്ചു. തലേദിവസം എന്നോടു പറഞ്ഞ വിവരങ്ങൾ വിശദമായി കത്തിൽ എഴുതിയിരുന്നു.

വായ് തുറന്നു പരിശോധിച്ചപ്പോൾ മുകളിൽ ഇടതുവശത്തെ അണപ്പല്ലാണ് എടുത്തിരിക്കുന്നത് എന്നു മനസ്സിലായി. ഒരാഴ്ച കഴിഞ്ഞിട്ടും മുറിവ് ഒട്ടുംതന്നെ ഉണങ്ങിയിട്ടില്ല. കണ്ടിട്ട് തലേദിവസം പല്ല് എടുത്തമാതിരിയിരിക്കുന്നു മുറിവ്. മുറിവിനു ചുറ്റും നല്ല ചുവപ്പു നിറവും. നേരിയ നീരും വായിൽ വല്ലാത്ത ദുർഗന്ധവും. എന്നാൽ, മുഖത്തിന് നീരൊന്നുമില്ല. നല്ല പനിയുമുണ്ട്. അണുബാധമൂലമാണ് സാധാരണമായി പല്ലെടുത്ത മുറിവുണങ്ങാൻ താമസം വരുന്നത്. അങ്ങനെയാണെങ്കിൽ മുഖത്തിനു നീരും, കൂടാതെ പനിയും കണ്ടേക്കാം. എന്നാൽ, ഇത്രമാത്രം ക്ഷീണം രോഗിക്ക് ഉണ്ടാകാൻ സാധ്യതയില്ല. ഇതെല്ലാം എന്നെ വളരെ അതിശയിപ്പിച്ചു.

ഡോക്ടർ തോമസ് കൊടുത്ത പ്രിസ്ക്രിപ്ഷൻ അവർ എന്നെ കാണിച്ചു. പെനിസിലിൻ ഗ്രൂപ്പിൽപ്പെട്ട ആമോക്സിസില്ലിൻ ആന്റിബയോട്ടിക്കും, വേദനസംഹാരിയായി ബ്രൂഫെൻ ഗുളികയുമാണ് നൽകിയിരിക്കുന്നത്. മരുന്നിന്റെ അലർജിയാണോ എന്ന ചിന്ത അപ്പോഴാണ് എനിക്കുണ്ടാകുന്നത്. പാലായിലെ ഒരു സീനിയർ ഡോക്ടറുടെ ഭാര്യയ്ക്ക് ബ്രൂഫെൻ അലർജി ഉണ്ടായിട്ട് വെളുത്ത രക്താണുക്കൾ ക്രമാതീതമായി താഴുകയുണ്ടായി. (എഗ്രാനുലോസൈറ്റോസിസ് എന്ന രോഗം) അവസാനം കോഴിക്കോട് മെഡിക്കൽ കോളജിലെ ഹീമറ്റോളജി വിഭാഗത്തിൽ കൊണ്ടുപോയി ചികിത്സിച്ചു, മരണവക്ത്രത്തിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ട സംഭവം നടന്നിട്ട് അധികം നാളായിട്ടില്ല. ഈ കാര്യങ്ങൾ എന്റെ ഓർമയിൽ വന്നു. ഉടൻതന്നെ രക്തപരിശോധനയ്ക്കായി രോഗിയെ അയച്ചു. ഒരു മണിക്കൂറിനുള്ളിൽ രക്തപരിശോധനയുടെ റിപ്പോർട്ട് ലഭിച്ചു. ഞാൻ ഭയപ്പെട്ടതുപോലെതന്നെ രക്തത്തിലെ വെളുത്ത അണുക്കളുടെ അളവ് ക്രമാതീതമായി കുറഞ്ഞിരിക്കുന്നു. അപ്പോൾത്തന്നെ രോഗിയെ മെഡിക്കൽ വിഭാഗത്തിലേക്കു റെഫർ ചെയ്തു. നടന്നതെല്ലാം ഡോക്ടർ തോമസിനെ അറിയിച്ചു.

രണ്ടുദിവസം കഴിഞ്ഞപ്പോൾ രോഗം മൂർച്ഛിച്ചു. രോഗം ഗുരുതരാവസ്ഥയിൽ എത്തിയെന്നും രക്ഷപ്പെടാൻ സാധ്യത കുറവാണെന്നും രോഗിയുടെ ബന്ധുക്കളെ ഡോക്ടർമാർ അറിയിച്ചു. സാധിക്കുന്ന എല്ലാ ചികിത്സകളും രോഗിക്ക് അവിടെ ലഭിച്ചു. വൈദ്യശാസ്ത്രത്തെ തോല്പിച്ചുകൊണ്ടു നാലാം ദിവസം രേഷ്മ ഞങ്ങളെ വിട്ടുപിരിഞ്ഞു.

കഥ ഇവിടെ അവസാനിക്കുന്നില്ല. മരണത്തിന് ഉത്തരവാദി ഡോക്ടറാണെന്ന് ആരോപിച്ചുകൊണ്ട് നഷ്ടപരിഹാരത്തിനായി രോഗിയുടെ ബന്ധുക്കൾ ഡോക്ടർക്കെതിരായി കോടതിയിൽ കേസ് ഫയൽ ചെയ്തു. പത്തുലക്ഷം രൂപയാണ് നഷ്ടപരിഹാരമായി ആവശ്യപ്പെട്ടത്. മൂന്നു വർഷത്തോളം കേസ് നീണ്ടുപോയി. ഒരവസരത്തിൽ ഡോക്ടർക്കെതിരേ വിധി വരുമോ എന്നുപോലും സംശയിച്ചിരുന്നു. എന്നാൽ, അദ്ദേഹത്തിനു തുണയായത് അന്നത്തെ മെഡിസിൻ പ്രഫസറുടെ മൊഴിയായിരുന്നു. അവസാനം ഡോക്ടർ കേസിൽനിന്നു രക്ഷപ്പെട്ടു. എന്നാലും, രേഷ്മയുടെ വേർപാടുമൂലം ആ കുടുംബത്തിനുണ്ടായ തീരാനഷ്ടം ആർക്കും നികത്താൻ സാധിക്കുന്നതായിരുന്നില്ല.

■

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# സ്കന്ദം

പദവൈകല്യങ്ങളും വാക്യത്തെറ്റുകളും ഒഴിവാക്കേണ്ടതെങ്ങനെയെന്നു നിഷ്കൃഷ്ടമായി നിർദേശിക്കുന്ന ഒരു ഗ്രന്ഥം ഡോ. എം. ലീലാവതി രചിച്ചിട്ടുണ്ട്. മാധ്യമവിദ്യാർഥികൾക്കും മാധ്യമപ്രവർത്തകർക്കുംവേണ്ടി തയ്യാറാക്കിയ കൈപ്പുസ്തകമാണിത്. കേരള മീഡിയ അക്കാദമിയാണ് പുസ്തകത്തിന്റെ പ്രസാധകർ. നല്ലെഴുത്ത് എന്ന പേരോടെ 2016 ൽ ഗ്രന്ഥം പുറത്തിറങ്ങി. മാതൃഭൂമി ദിനപത്രത്തിൽ ഖണ്ഡശഃ എഴുതിവന്ന കുറിപ്പുകളാണ് പുസ്തകരൂപത്തിലാക്കിയത്. സംസ്കൃതം, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ ലീലാവതിക്കുള്ള വ്യുത്പത്തി കൃതിയുടെ ആധികാരികത ഉറപ്പിക്കുന്നു. നിരൂപിക, അധ്യാപിക എന്നീ നിലകളിലുള്ള കൈലാസൗന്നത്യം നിലനിൽക്കെയാണ് ഭാഷാശുദ്ധിസംബന്ധമായി ഒരു ഗ്രന്ഥം ടീച്ചർ നിർമിച്ചത്.

സ്കന്ധവും (തോൾ) സ്കന്ദവും (രസം) തമ്മിലുള്ള അർഥവ്യത്യാസം ചൂണ്ടിക്കാട്ടുന്ന സന്ദർഭത്തിൽ, കാളിദാസന്റേത് എന്നു കരുതുന്ന ഒരു ശ്ലോകം 'നല്ലെഴുത്തിൽ' ഡോ. എം. ലീലാവതി ഉദ്ധരിക്കുന്നുണ്ട്." രാജാവ് പണ്ഡിതന്മാരെക്കൊണ്ടു പല്ലക്ക് ചുമപ്പിക്കുമ്പോൾ ചോദിച്ച ചോദ്യവും അവരുടെ മറുപടിയും. ചോദ്യം: അയ മാന്ദോളികാദണ്ഡഃ സ്കന്ദം കിം തവ ബാധതി? ഉത്തരം: നായമാന്ദോളികാദണ്ഡഃ സ്തവ ബാധതി ബധതേ! ഒരിക്കൽ കാളിദാസന് രാജാവിന്റെ പല്ലക്ക് ചുമക്കേണ്ടി വന്ന കഥയിൽനിന്നാണ് ഈ സന്ദർഭം. തന്റെ ഭാരത്താൽ പല്ലക്ക് ഇളകുന്നത് കാളിദാസന്റെ ചുമലിനെ വിഷമിപ്പിക്കുന്നുണ്ടോ എന്ന് രാജാവിന്റെ 'അനാവശ്യ'കുശലം; വ്യാകരണത്തിൽ വലിയ പിടിയില്ലാത്ത രാജാവ് ബാധതേ എന്നതിനു പകരം ബാധതി എന്നു പ്രയോഗിച്ചതിൽ ഖിന്നനായി 'എന്നെ ബാധിക്കുന്നത് താങ്കളുടെ ഭാരമല്ലെന്നും ബാധതി എന്ന പൊട്ട പ്രയോഗമാണെന്നു'മുള്ള കാളിദാസന്റെ മറുപടി*യാണ് ശ്ലോകാർഥം.

ഭാഷ തെറ്റുകൂടാതെ പ്രയോഗിക്കാനുള്ള ആർജവം രാജാവിനായാലും ഉണ്ടാവണമെന്ന വസ്തുത കാളിദാസൻ ഭംഗ്യന്തരേണ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ഏതു ഭാഷയിലും തെറ്റും ശരിയും നിർണയിക്കാൻ ചില മാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുള്ളത്, ഭാഷ കൈകാര്യം ചെയ്യുന്നവർ അംഗീകരിച്ചേ മതിയാവൂ എന്ന തത്ത്വവും കവിവചസ്സിൽ ഒളിഞ്ഞിരിപ്പുണ്ടാവണം.

*ലീലാവതി, എം.ഡോ., ധ്വനിപ്രകാരം (സാഹിത്യത്തിൽ ഒരു പെണ്ണിന്റെ സാഹസസഞ്ചാരങ്ങൾ), തഥാവിധം പ്രേമ പതിശ്ചതാദൃശഃ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 മേയ് 30, പുസ്തകം 99, ലക്കം 11, പുറം–74.

# വിശുദ്ധൻ

■ ജിജോ ജോസഫ് എൻ.

കള്ളിമുണ്ടും നെടുനീളൻ ഷർട്ടുമായിരുന്നു അയാളുടെ വേഷം. ഷർട്ടിന്റെ താഴെ ബട്ടൻസുകൾ ക്രമം തെറ്റിയ നിലയിൽ കയറിയും ഇറങ്ങിയും അയാളുടെ ജീവിതംപോലെ ഇരുതുമ്പും അകന്നുമാറി വലിയ വിടവുകൾ അയാളുടെ ശരീരത്തിൽ സൃഷ്ടിച്ചിരുന്നു. വാർദ്ധക്യത്തിന്റെ വെള്ളിനൂലിഴകൾ ചുളിവേറിയ മുഖത്ത് തണൽചൂടിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, ഇടയ്ക്കൊക്കെ വീശിയിരുന്ന ചുടുകാറ്റ് അതും അനുവദിക്കുകയുണ്ടായില്ല.

ശ്രമപ്പെട്ട്, വളരെ ശ്രമപ്പെട്ട്... ദേവാലയത്തിന്റെ പടവുകൾ ഇറങ്ങുകയാണ്, ഒന്നൊന്നായി... കൈയിൽ വിശുദ്ധന്റെ തിരുശ്ശേഷിപ്പ്... ഭദ്രമായി ഇടനെഞ്ചിൽ ചേർത്തുപിടിച്ചിരിക്കുന്നു. തെറ്റിവീഴുമോ... പിടിക്കണോ...?



മുഖമുയർത്തി അയാൾ എന്നെ നോക്കി. പ്രായം പകുതി അടപ്പിച്ച കണ്ണുകൾക്കു നന്നേ തിളക്കം. വേണ്ട കുഞ്ഞേ... ഞാൻ തന്നെ നടന്നോളാം. തൊണ്ണൂറുകളുടെ തുടക്കത്തിലും മുഖപേശികൾ സ്വരുക്കൂട്ടിയ നിശ്ചയദാർഢ്യം... എനിക്കു വല്ലാതെ ബോധിച്ചു.

വല്യപ്പച്ചൻ തിരിച്ചുവന്നോ? താഴത്തെ മുത്തിയമ്മയെ കണ്ടോ?

കൽക്കുരിശും?

കണ്ടു... സന്തോഷമായി...

കൃതജ്ഞതയുടെ നെടുവീർപ്പുകൾ അയാളുടെ മുഖത്ത് തെല്ലുനേരം വർണപ്പൂക്കൾ വിരിയിച്ചു മിന്നലാട്ടം നടത്തി. എവിടെനിന്നാ വരുന്നത്...?

എന്റെ ചോദ്യം കഴുന്നുകൗണ്ടറിലേക്ക് അയാളെ അടുപ്പിച്ചു. ദൂരെനിന്ന്... മുപ്പതു നാല്പത് കിലോമീറ്റർ അപ്പുറത്തുനിന്ന്.

സ്ഥലപ്പേര്...?

നിശ്ശബ്ദതയായിരുന്നു മറുപടി. വാർദ്ധക്യം എല്ലാം അയാളിൽനിന്നു ചോർത്തിയെടുത്തിരുന്നു.

പേര്...?

ശങ്കരൻ.

ആഴക്കടലിൽനിന്ന് അനർഘമുത്ത് വാരിയെടുത്ത മുക്കുവന്റെ തിളക്കമായിരുന്നു അയാളുടെ മുഖത്തിന്. കാലത്തിനുപോലും പറ്റിയില്ല അയാളുടെ വ്യക്തിത്വത്തിൽ ജരാനരകൾ ചൂടിക്കുവാൻ.

തിരിച്ചുപോവണ്ടേ...?

ഗ്രാനൈറ്റുപടവുകളിൽ ഇരുന്നു ശ്മശാനത്തിലേക്കു കണ്ണുകൾ അയച്ചിരുന്ന അയാളെ എന്റെ ചോദ്യം തെല്ലുണർത്താതിരുന്നില്ല. പുനരുത്ഥാന പൂന്തോട്ടത്തിൽ വരിവരിയായി നിലകൊള്ളുന്ന പൂച്ചെടികൾ... അവയിലെല്ലാം വർണങ്ങൾ വാരിക്കോരിയണിഞ്ഞ് പൂക്കൾ. തങ്ങൾ ഊറ്റിക്കുടിച്ച ശരീരങ്ങളുടെ നന്മകൾ മുഴുവൻ ആവാഹിച്ചതുപോലെ ചിലത് അയാളെ ഒളിഞ്ഞും തെളിഞ്ഞും ചിരിച്ചുകാട്ടുന്നു.

എപ്പോഴാ പോകുന്നത്? രാത്രിയായല്ലോ.

ഇന്നു പോകുന്നില്ല.

അപ്പോൾ എവിടെ കിടക്കും...? ഇവിടെയോ...?

അവിടെ... ഏകദേശം രണ്ടടി വീതിയുള്ള ഗ്രാനൈറ്റുപടവുകളിലൊന്ന് അയാൾ ചൂണ്ടിക്കാണിച്ചു.

താഴെ വീഴില്ലേ...

ഇല്ല... ഇല്ല...

മുത്തിയമ്മ കാക്കും.

മഴയും മഞ്ഞും?

പെയ്യട്ടെ. അമ്മയ്ക്ക് അറിയാമല്ലോ... ഞാനിവിടെയുണ്ടെന്ന്.

അത്താഴം?

ഇല്ല.

ഇന്നു മുഴുപ്പട്ടിണിയാ. അമ്മയും ദുരന്തങ്ങൾ ഏറ്റുവാങ്ങിയതല്ലേ?

വീട്ടിൽ?

അവളുണ്ട്... വയ്യാതായിരിക്കുന്നു. പ്രായം 80 കടന്നു.

മറ്റാരും?

മോളുണ്ട്. പക്ഷേ...

എന്തുപക്ഷേ...?

അല്പം അസ്വസ്ഥതയുണ്ട്.

എന്ത് അസ്വസ്ഥത...?

ഭ്രാന്ത്...

നേർച്ചപ്പെട്ടിയിലെ നാണയത്തുട്ടുകൾ എണ്ണിമാറ്റുന്നതിനിടയിൽ ക്രമംതെറ്റി ചിതറിത്തെറിച്ചു നിലത്തുവീണു. അവ തങ്ങളെ എന്തിനാ വലിച്ചെറിഞ്ഞത് എന്ന മട്ടിൽ വട്ടംകറങ്ങി അയാളുടെ കാൽക്കൽ വീണുരുളുന്നു. ഒത്തിരി ചികിത്സിച്ചതാ. വീടും സ്ഥലവും ജപ്തി ചെയ്തു...

ഇപ്പോൾ പുറമ്പോക്കിലാ. ഭാര്യ കിടപ്പിലാണ്. പ്രായം 80 കഴിഞ്ഞില്ലേ.

മകൾ...?

സാരമില്ല. ചങ്ങലയ്ക്കിട്ടാണു പോന്നത്. നാളെ ചെന്നിട്ടുവേണം. കുളിപ്പിച്ചു വൃത്തിയാക്കുവാൻ. മഹാ കുറുമ്പത്തിയാ... എളുപ്പം പിണങ്ങും...

രാവിലെ പോവ്വോ...? ഉം... രാത്രി മുഴുവൻ ഇവിടെ ഇരിക്കും. ഉറക്കം വരില്ല. അത്രയ്ക്ക് ഇഷ്ടമാണ് അമ്മയെ. എല്ലാം പറയും. കേൾക്കും. അമ്മ... തള്ളിപ്പറയില്ല. അതിനാ വന്നേ...

ദേവാലയത്തിലെ സ്റ്റീൽപാത്രങ്ങളിൽ നിരത്തിവച്ചിരുന്ന വിശുദ്ധവസ്തുക്കൾക്കു ജീവൻ വച്ചുവോ...?

അവ അങ്ങനെ ഒറ്റയ്ക്കും കൂട്ടായും എഴുന്നേറ്റു നിൽക്കുന്നു...! ആർപ്പുവിളിക്കുന്നു...!

കയ്പുചഷകം ആവോളം മോന്തിക്കുടിച്ചവൻ... ഉടയോന്റെ ഉണ്മയെ നുകർന്നവൻ... വിശുദ്ധൻ...!

അയാൾക്കു ചെരിപ്പുകൾ ഇല്ലായിരുന്നു. തലയിലേറ്റാൻ...! ധ്യാനിക്കാൻ...!

അപ്പോഴും കൽക്കുരിശിൽ എണ്ണനിവേദ്യം അർപ്പിക്കാൻ ആൾക്കാർ തിക്കും തിരക്കും കൂട്ടുന്നുണ്ടായിരുന്നു.

■



*ഡോ. ജോർജുകുട്ടി വട്ടോത്ത് രചിച്ച ഇന്ത്യൻ കൾച്ചറൽ സ്റ്റഡീസ് എന്ന പുസ്തകം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മാണി സി. കാപ്പൻ എം.എൽ.എ.യ്ക്കു നൽകി പ്രകാശനം ചെയ്യുന്നു. രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, മുനിസിപ്പൽ കൗൺസിലർ ജിമ്മി ജോസഫ്, തങ്കച്ചൻ മുളകുന്നം, ഗ്രന്ഥകർത്താവ്, കൊച്ചുറാണി ജോർജുകുട്ടി വട്ടോത്ത് എന്നിവർ സമീപം.*

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ



ടി.പി. ശാസ്തമംഗലം

ആധുനികചലച്ചിത്രഗാനങ്ങൾ ആസ്വാദകരെ അപഹസിക്കുന്നതായിരിക്കണമെന്നു വല്ല നിർബന്ധവുമുണ്ടോ? നിശ്ചയമായും ഉണ്ടെന്നുതോന്നും ഇന്നത്തെ മിക്ക പാട്ടുകളും കേൾക്കുമ്പോൾ. വാക്കുകളുടെ അർഥം, വരികളുടെ പാരസ്പര്യബന്ധം, എല്ലാം ചേർന്നുവരുമ്പോൾ ഗാനത്തിൽ ഉരുത്തിരിയേണ്ട ആശയം, സംഗീതഗുണം, ആലാപനസുഖം, ചിത്രീകരണത്തിന്റെ വശ്യത എന്നിവയൊന്നും ഇന്നത്തെ ഗാനശില്പികളുടെ പരിഗണനയിൽപ്പോലുമില്ല. അവർക്ക് എങ്ങനെയും ചില വരികൾ ഗാനമെന്ന പേരിൽ പടച്ചുവിടണമെന്ന ലക്ഷ്യമേയുള്ളൂ. ഇതിന് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് 'പദ്മിനി' എന്ന ചിത്രത്തിലെ ഗാനം. ഗാനരചന-റ്റിറ്റോ പി തങ്കച്ചൻ; സംഗീതം - ജേക്സ് ബിജോയ്; ആലാപനം-സച്ചിൻ വാരിയർ; ചിത്രസംവിധായകൻ - സെന്ന ഹെഗ്ഡെ.

"മനസ്സേ മിനുസം തൂകും മനസ്സേ
അവളെൻ കടലാസിൽ എഴുതും മഷിയേ
കാറ്റു വിതറുന്നേ കാതൽ മണമിന്നേ
തേടിവരുമെന്നേ മെല്ലെയെൻ ചാരെ"

ഗാനങ്ങളിൽ പ്രാസഭംഗിക്ക് എക്കാലവും രചയിതാക്കൾ പ്രാധാന്യം നല്കിയിട്ടുണ്ട്. ഗാനസാഹിത്യത്തിനു മേൽവിലാസമെഴുതിക്കൊടുത്ത പി. ഭാസ്കരൻ, വയലാർ രാമവർമ, ഒ.എൻ.വി. കുറുപ്പ് തുടങ്ങിയവർ അർഥം ബലികഴിക്കാതെ അതു സാധിച്ചപ്പോൾ പിന്നീടു വന്നവർ ശ്വാസം മുട്ടിയാലും പ്രാസം മുട്ടരുതെന്ന നിലപാടെടുത്തു.

## മുള്ളുകൊണ്ടുള്ള മുറിവേല്പിക്കൽ

ഇവിടെ ഉദ്ധരിച്ചിരിക്കുന്ന ഗാനംതന്നെ നോക്കുക. മനസ്സും മിനുസവും അങ്ങനെ കടന്നുവന്നവയാണ്.

നായിക കടലാസിൽ എഴുതുന്ന മഷിയാണത്രേ. കഴിവുള്ള പാട്ടെഴുത്തുകാർ ഒന്നാന്തരം കല്പനകൾ നെയ്തെടുത്ത സ്ഥാനത്താണ് ഈ വികലമായ പ്രയോഗം എന്നു തിരിച്ചറിയുക. കാതൽ എന്ന പദത്തിന് പ്രേമം എന്നർഥം. പ്രണയത്തിനു മണമുണ്ടെന്നും അതു കാറ്റു വിതറുന്നതാണെന്നും പറഞ്ഞിരിക്കുന്നു രചയിതാവ്. ഇതു കേൾക്കുമ്പോൾ നമുക്കെന്തോ പന്തികേടു തോന്നുന്നില്ലേ? എന്നാൽ, ശ്രീകുമാരൻ തമ്പി എഴുതിയ

"ഇലഞ്ഞിപ്പൂമണമൊഴുകി വരുന്നു
ഇന്ദ്രിയങ്ങളിലതു പടരുന്നു.
പകൽക്കിനാവിൻ പനിനീർമഴയിൽ
പണ്ടു നിൻമുഖം പകർന്ന ഗന്ധം" (ചിത്രം-അയൽക്കാരി) എന്ന പാട്ടു കേൾക്കുമ്പോൾ യഥാർഥ പ്രണയത്തിന്റെ പരിമളം നാം തിരിച്ചറിയുന്നു. ഇവിടെയാണ് 'പദ്മിനി'യുടെ ഗാനരചയിതാവ് പരാജിതനായിപ്പോകുന്നത്.

"ഹേയ് കൊട്ടും കുരവയും പുടവയായ്
ഹേയ് കേറ്റി വരുന്നൊരു കനവിലായ്
ഹേയ് മുത്തി വിളിക്കുമെൻ പുരയിലായ്
ഹേയ് തള്ളിത്തുറന്നെന്റെ വാതിലിൽ
ഹേയ് പൂട്ടു പൊട്ടിച്ചുള്ളിൽ കേറി നീ
ആരും കാണാതുള്ളം കൊണ്ടോവാൻ വാ" എന്ന മട്ടിൽ ഈ ഗാനം നീളുമ്പോൾ നാം തലയിൽ കൈവച്ച് അറിയാതെ പറഞ്ഞുപോകും: 'അസഹനീയം!' ഗാനരചയിതാവ് പറയുന്നത് അക്ഷരംപ്രതി ശരിയാണ്. മുമ്പത്തെ പാട്ടെഴുത്തുകാരെ അവരുടെ അസ്സൽ സൃഷ്ടികളുടെ പേരിൽ നാം നെഞ്ചേറ്റും. എന്നാൽ ഇക്കാലത്ത് സഹൃദയരുടെ അനുമതിയില്ലാതെ അവരുടെ മനസ്സിന്റെ പൂട്ടുപൊളിച്ച് അകത്തുകയറാൻ ശ്രമിക്കുകയാണ് റ്റിറ്റോ പി തങ്കച്ചനും കൂട്ടരും. കൊട്ടും കുരവയും പുടവയുമായ് എന്നെഴുതാനുള്ള ഔചിത്യംപോലും അദ്ദേഹം കാണിച്ചില്ല. ആദ്യം ഭാഷ പഠിക്കണം. എന്നിട്ടുവേണം തൂലികയെടുക്കാൻ. എന്തു വങ്കത്തം എഴുന്നള്ളിച്ചാലും അത് ആസ്വാദകർ വിഴുങ്ങിക്കൊള്ളുമെന്ന മിഥ്യാധാരണ തിരുത്തുകയും വേണം.

"പദ്മിനിയേ പദ്മിനിയേ
മുള്ളുകൊണ്ടൊരുള്ളിലുള്ള താലി നീയേ
കാമിനിയേ ഭാമിനിയേ നീ
കണ്ണടച്ചു തഞ്ചമൊന്നു ചാരി നീയേ"

ഇത്തരത്തിൽ മുള്ളുകൊണ്ട് നമ്മുടെ മനസ്സാകെ ഈ പാട്ടെഴുത്തുകാരൻ കുത്തിനോവിക്കുകയാണ്. വയലാറിന്റെയും പി. ഭാസ്കരന്റെയും മറ്റും കാലയളവിൽ ഇവിടെ ജീവിക്കാൻ സാധിച്ചത് എന്റെ മഹാഭാഗ്യമായി ഞാൻ കാണുന്നു. അതേസമയം 'പദ്മിനി'യുടെ ഗാനരചയിതാവിനെപ്പോലുള്ളവരുടെ കാലത്തു കഴിയാനും വിധിക്കപ്പെട്ട ഞാൻ എന്റെ ദൗർഭാഗ്യം തിരിച്ചറിയുന്നു. സ്വയം പഴിക്കുകയല്ലാതെ മറ്റെന്തു ചെയ്യാൻ? ■

# ഞാൻ പൂർണമായും അങ്ങയുടേതാണ്



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പായെക്കുറിച്ച് കർദിനാൾ റോബർട്ട് സാറ രചിച്ച പുതിയ പുസ്തകത്തെക്കുറിച്ചുള്ള പഠനം.**

**പന്ത്രണ്ടാം ഭാഗം**

**2005** ഒക്ടോബർ മാസം 15-ാം തീയതി ബനഡിക്ട് പതിനാറാമൻ മാർപാപ്പാ അക്കൊല്ലം പ്രഥമദിവ്യകാരുണ്യം സ്വീകരിച്ച കുഞ്ഞുങ്ങൾക്ക് സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ അങ്കണത്തിൽ ഒന്നിച്ചുകൂടുന്നതിന് അവസരം ഒരുക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ഏറ്റവും ലളിതമായ ഭാഷയിൽ മറുപടി നൽകുകയും ചെയ്തു. ഇറ്റലിയിലെ വിവിധ രൂപതകളിൽനിന്നായി ഒന്നരലക്ഷത്തോളം കുട്ടികൾ മാതാപിതാക്കളോടൊപ്പം ആഹ്ലാദപൂർവം സമ്മേളനത്തിൽ പങ്കെടുത്തു.

### ഓർമകൾ

പരിശുദ്ധപിതാവിനോടുള്ള ആദ്യചോദ്യം അന്ത്രേയാ എന്ന കുട്ടിയുടേതായിരുന്നു: പരിശുദ്ധ പിതാവേ, അങ്ങയുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തെക്കുറിച്ചുള്ള ഓർമകൾ പങ്കുവയ്ക്കാമോ?

ഉത്തരമായി ബനഡിക്ട് പിതാവ് പറഞ്ഞു: എന്റെ ആദ്യ കുർബാനസ്വീകരണത്തെപ്പറ്റി ഞാൻ നന്നായി ഓർമിക്കുന്നുണ്ട്. അത്, 1936-ാമാണ്ട് മാർച്ചുമാസത്തിലെ മനോഹരമായ ഒരു ഞായറാഴ്ചദിവസം ആയിരുന്നു. നല്ല സൂര്യപ്രകാശമുള്ള സുന്ദരദിനം. പള്ളിയകം ഭംഗിയായി അലങ്കരിച്ചിരുന്നു. ഗായകസംഘം ആകർഷകമായും ഭക്തിനിർഭരമായും ഗാനങ്ങൾ ആലപിച്ചു. ഇപ്രകാരം അനവധി നല്ല ഓർമകൾ എനിക്കുണ്ട്. അഞ്ഞൂറോളംമാത്രം അംഗങ്ങളുള്ള ഞങ്ങളുടെ കൊച്ചുഗ്രാമത്തിൽനിന്ന് ആൺകുട്ടികളും പെൺകുട്ടികളുമായി മുപ്പതുപേർ പ്രഥമദിവ്യകാരുണ്യം സ്വീകരിച്ചു. ഈശോ എന്റെ ഹൃദയത്തിൽ എഴുന്നള്ളിവന്നെന്നും എന്നെ സന്ദർശിച്ചെന്നും ഈശോയോടൊപ്പം ദൈവം തന്നെയാണ് എന്നോടൊപ്പമുള്ളതെന്നുമുള്ള ചിന്തയാണ് ഏറ്റവും സന്തോഷകരമായിട്ടുള്ള ഓർമ.

തനിക്ക് അന്ന് ഒമ്പതുവയസ്സായിരുന്നെന്നും ഇനി ജീവിതത്തിൽ എന്നെന്നും ഈശോയോടൊപ്പമായിരിക്കുമെന്നു തീരുമാനിച്ചെന്നും അതിനുവേണ്ടി ഈശോയോടു തീക്ഷ്ണമായി പ്രാർഥിച്ചെന്നും ബനഡിക്ട് പിതാവ് പറഞ്ഞു. പ്രഥമദിവ്യകാരുണ്യസ്വീകരണം ഈശോയുമായി ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന മൈത്രിയുടെ തുടക്കം കുറിക്കുന്നു എന്ന് തന്റെ ശ്രോതാക്കളെ പരിശുദ്ധപിതാവ് ഓർമിപ്പിച്ചു.

### കുമ്പസാരം

രണ്ടാമത്തെ ചോദ്യം ലിവിയ എന്ന കുട്ടിയാണു ചോദിച്ചത്: ഓരോ ദിവ്യകാരുണ്യസ്വീകരണത്തിനുംമുമ്പ് കുമ്പസാരിക്കണമോ? ഒരേ പാപങ്ങളാണ് ഓരോ കുമ്പസാരത്തിലും പറയാനുള്ളതെന്നും ആ കുട്ടി പറഞ്ഞു.



ഉത്തരമായി ബനഡിക്ട് പാപ്പാ രണ്ടു കാര്യങ്ങൾ പറഞ്ഞു: ഒന്നാമതായി, ഏറ്റുപറഞ്ഞ് കുമ്പസാരിക്കേണ്ട ഗൗരവമായ പാപങ്ങൾ ചെയ്തിട്ടില്ലെങ്കിൽ ഓരോ കുർബാനസ്വീകരണത്തിനും മുമ്പു കുമ്പസാരിക്കേണ്ടതില്ല.

രണ്ടാമതായി, ഓരോ കുർബാനസ്വീകരണത്തിനുംമുമ്പ് കുമ്പസാരിക്കേണ്ടതില്ലെങ്കിലും ഒരു നിശ്ചിത ഇടവേള പാലിച്ച് കൃത്യമായി കുമ്പസാരിക്കുന്നതു വളരെ ഉപകാരപ്രദമാണ്. നമ്മുടെ വീട്ടിലെ മുറികൾ ആഴ്ചയിലൊന്ന് അടിച്ചുവാരാറുണ്ടല്ലോ. പലപ്പോഴും ഒരേ മാലിന്യങ്ങളാണു തുടച്ചുനീക്കേണ്ടി വരുന്നത്. കുമ്പസാരത്തിൽ ഒരേ പാപങ്ങളാണ് ഏറ്റുപറയേണ്ടി വരുന്നത് എന്ന കാരണത്താൽ കുമ്പസാരിക്കാതിരിക്കേണ്ടതില്ല എന്ന് പരിശുദ്ധ പിതാവ് ഉദാഹരണസഹിതം വ്യക്തമാക്കി. എന്നിട്ട് ഒന്നുകൂടി അദ്ദേഹം എടുത്തുപറഞ്ഞു: അപ്പോൾ, രണ്ടു കാര്യങ്ങൾ മനസ്സിലാക്കുക. ഗൗരവപാപം ഉള്ളപ്പോൾ തീർച്ചയായും കുമ്പസാരിക്കണം. എന്നാൽ, ജീവിതത്തിൽ പടിപടിയായി പക്വത പ്രാപിക്കാനും ആത്മാവിന്റെ വൃത്തിയും ഭംഗിയും വർധിപ്പിക്കാനും അടുക്കലടുക്കൽ കുമ്പസാരിക്കണം.

### ഈശോയുടെ സാന്നിധ്യം

മൂന്നാമത്തെ ചോദ്യം മറ്റൊരു ആന്ത്രോയായാണു ചോദിച്ചത്: ദിവ്യകാരുണ്യത്തിൽ ഈശോ സന്നിഹിതനാണെന്നാണ് കാറ്റക്കിസം റ്റീച്ചർ പറഞ്ഞത്. പക്ഷേ, എനിക്കു കാണാൻ പറ്റുന്നില്ലല്ലോ?

ബനഡിക്ട് പാപ്പായുടെ ഉത്തരം ഇപ്രകാരമായിരുന്നു: അതേ, കാണാൻ പറ്റുന്നില്ല. നമ്മൾക്കു കാണാൻ പറ്റാത്ത ഒത്തിരികാര്യങ്ങളുണ്ട്. എന്നാൽ, അവ ഉണ്ട്. അവ നമ്മുടെ ജീവിതത്തിന് അത്യാവശ്യവുമാണ്. ഉദാഹരണമായി, നമ്മുടെ ബുദ്ധി നമുക്ക് അദൃശ്യമാണ്. എന്നാലും അതൊരു യാഥാർഥ്യമാണ്. നമ്മൾ നമ്മുടെ ആത്മാവിനെ കാണുന്നില്ല. നമ്മൾ ചിന്തിക്കുന്നതും സംസാരിക്കുന്നതും തീരുമാനങ്ങൾ എടുക്കുന്നതുമെല്ലാം മനസ്സിന്റെ പ്രവർത്തനഫലമായിട്ടാണ്. ഇവയൊന്നും നാം കാണുന്നില്ലെങ്കിലും യാഥാർഥ്യമാണ്. മറ്റൊരുദാഹരണം പറഞ്ഞാൽ, വൈദ്യുതി കാണുന്നില്ല, പക്ഷേ, അതുണ്ടെന്നു നമ്മൾക്കറിയാം. ഈ മൈക്ക് പ്രവർത്തിക്കുന്നതും ഈ വിളക്കുകൾ പ്രകാശിക്കുന്നതും വൈദ്യുതിയുടെ ഫലമായിട്ടാണല്ലോ. ഉത്ഥിതനായ മിശിഹായെ നേത്രങ്ങൾകൊണ്ടു കാണുന്നില്ലെങ്കിലും ആ സാന്നിധ്യത്തിന്റെ ഫലങ്ങൾ നമ്മൾ കാണുന്നുണ്ട്, അനുഭവിക്കുന്നുണ്ട്. വിശുദ്ധ കുർബാനയിലെ ഈശോസാന്നിധ്യം മനുഷ്യരെ മെച്ചപ്പെട്ടവരാക്കുന്നതു നമ്മൾ കാണുന്നുണ്ടല്ലോ."

### ഞായറാഴ്ചയാചരണം

നാലാമത്തെ ചോദ്യം ജൂലിയയാണു ചോദിച്ചത്: പരിശുദ്ധപിതാവേ, ഞായറാഴ്ചക്കുർബാനയ്ക്കു പോകുന്നതു പ്രധാനപ്പെട്ട കാര്യമാണെന്ന് ഞങ്ങളോട് എല്ലാവരും പറയുന്നു. പോകാൻ ഞങ്ങൾക്ക് ഇഷ്ടമാണുതാനും. എന്നാൽ, ഞങ്ങളുടെ മാതാപിതാക്കൾ പള്ളിയിൽ പോകുന്നില്ല. ചിലർ കിടന്നുറങ്ങുന്നു, ചിലർ യാത്രപോകുന്നു, ചിലർ ജോലി ചെയ്യുന്നു. ഞായറാഴ്ചക്കുർബാനയുടെ പ്രാധാന്യം അവർക്ക് ഒന്നു ബോധ്യപ്പെടുത്തിക്കൊടുക്കാമോ?

മാർപാപ്പാ പറഞ്ഞു: വളരെ കാര്യങ്ങൾ ചെയ്യാനുള്ള മാതാപിതാക്കളോടു സ്നേഹത്തോടും ബഹുമാനത്തോടുംകൂടി മോളു തന്നെ പറയുക: പ്രിയ പപ്പാ, പ്രിയ മമ്മാ, ഈശോയുടെ പക്കൽ അണയുന്നത് നമുക്കു പ്രധാനപ്പെട്ട കാര്യമല്ലേ? പ്രിയ മാതാപിതാക്കളേ, സ്നേഹത്തോടും ബഹുമാനത്തോടും കൂടി പാപ്പായും പറയുന്നു, ഞായാറാഴ്ചയാചരണം കുടുംബത്തിനു മുഴുവനും പ്രകാശം പകരുമെന്ന്.

### അനുദിനകുർബാനയും വിശുദ്ധകുർബാനസ്വീകരണവും

അഞ്ചാമത്തെ ചോദ്യം ഒരു അലസാന്ദ്രോയുടേതായിരുന്നു. അവൻ ചോദിച്ചു: എല്ലാ ദിവസവും കുർബാനയിൽ പങ്കെടുത്തു ദിവ്യകാരുണ്യം സ്വീകരിച്ചാൽ എന്താണു പ്രയോജനം?

മാർപാപ്പായുടെ ഉത്തരം: "അതു ജീവിതത്തിന്റെ കേന്ദ്രം കണ്ടെത്താൻ സഹായിക്കുന്നു. നമ്മൾ വളരെയധികം കാര്യങ്ങൾക്കു നടുവിലാണു ജീവിക്കുന്നത്. പള്ളിയിൽ പോകാത്തവർ ഈശോയാണ് ഇല്ലാതെപോകുന്നതെന്ന് അറിയുന്നില്ല. ജീവിതത്തിൽ എന്തോ പോരായ്മ ഉണ്ടെന്ന് അവർക്കറിയാം. തന്റെ ജീവിതത്തിൽ ദൈവം സന്നിഹിതനല്ലെങ്കിൽ, ഈശോ അടുത്തില്ലെങ്കിൽ ഒരു വഴികാട്ടിയുടെ കുറവ് അനുഭവപ്പെടുന്നു; അത്യാവശ്യമായ ആത്മബന്ധത്തിന്റെയും ആനന്ദത്തിന്റെയും അഭാവം ജീവിതത്തിൽ അനുഭവവേദ്യമാകുന്നു. തെറ്റുകൾ തിരുത്തി മാനുഷികമായി വളരാനുള്ള ശക്തി ഇല്ലാതെപോകുന്നു. ദിവ്യകാരുണ്യസ്വീകരണസമയത്തുതന്നെ ഈശോയോട് ഒപ്പം ആയിരിക്കുന്നതിന്റെ സദ്ഫലങ്ങൾ കുറച്ചുകാലം കഴിയുമ്പോഴായിരിക്കും പ്രകടമാകുന്നത്. ദിവ്യകാരുണ്യ ഈശോ നമുക്കു പ്രകാശവും വഴികാട്ടിയും ആയി ഭവിക്കുന്നു.

### ജീവന്റെ അപ്പം

ആറാമത്തെ ചോദ്യം ഒരു അന്നയാണ് ചോദിച്ചത്: പ്രിയ മാർപാപ്പായേ, 'ഞാനാകുന്നു ജീവന്റെ അപ്പം' എന്നു പറഞ്ഞപ്പോൾ എന്താണ് ഈശോ ഉദ്ദേശിച്ചത് എന്നു പറഞ്ഞുതരാമോ?

ഉത്തരമായി പാപ്പാ പറഞ്ഞു: ആദ്യമായി അപ്പം എന്താണെന്നു മനസ്സിലാക്കാം. ഇന്നു നമുക്കു പലവിധ ആഹാരസാധനങ്ങളുണ്ട്. ഈശോയുടെ കാലത്ത് സാധാരണക്കാരന്റെ അടിസ്ഥാന ഭക്ഷണം ഗോതമ്പപ്പം ആയിരുന്നു. അപ്പം ആഹാരത്തിന്റെ പ്രതീകമാണ്. ശരീരത്തിനുമാത്രമല്ല, ആത്മാവിനും പോഷണം ആവശ്യമാണ്. മനസ്സിന്റെ വളർച്ചയ്ക്കും പൂർണത പ്രാപിക്കാനും ആത്മീയപോഷണം ആവശ്യമാണ്. ശരിയായ തീരുമാനങ്ങൾ എടുക്കാൻ ദൈവവുമായുള്ള ആത്മബന്ധം സഹായകരമായിത്തീരും. മാനുഷികപക്വതയ്ക്കും ഈ പോഷണം ആവശ്യമാണ്. ജീവിതപക്വത പ്രാപിക്കാനും നന്മനിറഞ്ഞ ജീവിതം നയിക്കാനും ആവശ്യമായ ജീവന്റെ അപ്പം ഈശോ തന്നെയാണ്.

### ദിവ്യകാരുണ്യ ആരാധന

ഏഴാമത്തേതും അവസാനത്തേതുമായ ചോദ്യം ഉന്നയിച്ചത് ഒരു ആദ്രിയാനോയാണ്: ഇന്ന് ഈ ചോദ്യോത്തരങ്ങൾ കഴിയുമ്പോൾ വിശുദ്ധകുർബാനയുടെ ആരാധന ഉണ്ടെന്ന് ഞങ്ങളെ അറിയിച്ചിട്ടുണ്ട്. പരിശുദ്ധ പിതാവേ, എന്താണ് ഈ ആരാധന? അത് എന്തിലടങ്ങിയിരിക്കുന്നു? വിശദമാക്കാമോ?

ഉത്തരമായി പരിശുദ്ധ ബനഡിക്ട് പിതാവ് പറഞ്ഞു: നമ്മൾ ഇപ്പോൾത്തന്നെ ആരാധന എന്തെന്നു കാണും. ഒരു മനോഹരപുഷ്പംപോലെ നമ്മുടെ മുന്നിൽ അത് വിടർന്നു വികസിക്കും. എല്ലാം കൃത്യമായി ഒരുങ്ങിയിട്ടുണ്ട്. ഈശോയുടെ മുമ്പിൽ നമ്മൾ പ്രാർഥിക്കും, നമ്മൾ ഗാനമാലപിക്കും, നമ്മൾ മുട്ടിന്മേൽ നിൽക്കും, സാഷ്ടാംഗം പ്രണമിക്കും. തീർച്ചയായും കുട്ടിയുടെ ചോദ്യത്തിനു കുറച്ചുകൂടി ആഴമായ മറുപടി ഞാൻ പറയണം.

ആരാധനയുടെ അർഥം ഈശോയെ കർത്താവായി അംഗീകരിച്ച് ഏറ്റുപറയുക എന്നതാണ്. "എന്റെ ഈശോയേ, ഞാൻ പൂർണമായും അങ്ങയുടേതാണ്. എന്റെ ജീവിതത്തിലുടനീളം ഞാൻ അങ്ങയെ അനുഗമിക്കുന്നു. ഈ സ്നേഹസൗഹൃദം ഒരിക്കലും നഷ്ടപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. ആരാധനയിൽ ഈശോയെ ആശ്ലേഷിച്ചുകൊണ്ട് ഞാൻ പറയും, ഞാൻ അങ്ങയുടേതാണെന്ന്. അങ്ങ് എപ്പോഴും എന്നോടൊപ്പം ആയിരിക്കണമെന്ന് ഞാൻ പ്രാർഥിക്കുന്നു."

■

# ഏഷ്യൻ ഗെയിംസിന് ഹാങ്ചൗ ഒരുങ്ങി



സനിൽ പി. തോമസ്




"ഹൃദയത്തിൽനിന്നു ഹൃദയത്തിലേക്ക്, ഭാവിയിൽ" (Heart to heart@future). ചൈനയിലെ ഹാങ്ചൗവിൽ സെപ്റ്റംബർ 23 മുതൽ ഒക്ടോബർ എട്ടു വരെ നടക്കുന്ന പത്തൊൻപതാം ഏഷ്യൻ ഗെയിംസിന്റെ ആപ്തവാക്യമാണ് മുകളിൽ കുറിച്ചത്. ഒളിംപിക് കൗൺസിൽ ഓഫ് ഏഷ്യയിൽ അംഗങ്ങളായ 45 രാജ്യങ്ങളിൽ നിന്നുള്ള കായികതാരങ്ങളാണ് ഹാങ്ചൗവിൽ മത്സരിക്കുക. 40 സ്പോർട്സ് ഇനങ്ങളിൽ 481 സ്വർണമെഡലുകൾക്കായിട്ടാണു പോരാട്ടം.

കൊവിഡ് അകന്ന് കളിക്കളങ്ങൾ ഉണർന്നുതുടങ്ങിയപ്പോഴാണ് 2022 മേയിൽ ഏഷ്യൻ ഗെയിംസ് മാറ്റിവച്ചുവെന്ന വാർത്തവരുന്നത്. 2020 ലെ ടോക്കിയോ ഒളിമ്പിക്സ് ഒരുവർഷം മാറ്റിവച്ചതിന്റെ തനിയാവർത്തനം. ഹാങ്ചൗവിൽനിന്ന് 175 കിലോമീറ്റർമാത്രം അകലെയുള്ള ഷാങ്ഹായ് എന്ന പ്രധാന നഗരത്തിൽ കൊവിഡ് രൂക്ഷമാകുകയും ലോക്ഡൗൺ പ്രഖ്യാപിക്കുകയും ചെയ്തതിന്റെ തുടർച്ചയായിരുന്നു ഈ മാറ്റിവയ്ക്കൽ.

പക്ഷേ, ടോക്കിയോ ഒളിമ്പിക്സ്പോലെ കാണികൾ ഇല്ലാത്ത വേദികളിലല്ല ഏഷ്യൻ ഗെയിംസ്. ശീതകാലഒളിമ്പിക്സ് 2022 ൽ ബെയ്ജിങ്ങിൽ നടന്നപ്പോൾ ഉണ്ടായ നിയന്ത്രണങ്ങളും ഇല്ല. കളിക്കളങ്ങൾ പഴയകാലത്തേക്കു മടങ്ങുന്നു. കളിയാരവങ്ങൾ ഉയരും. 2018 ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിലും 2021 ലെ ടോക്കിയോ ഒളിമ്പിക്സിലും മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ച ഇന്ത്യ ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ കൂടുതൽ മെഡലുകൾ ലക്ഷ്യമിടുന്നു. 16 സ്വർണം ഉൾപ്പെടെ 70 മെഡൽ എന്ന ജക്കാർത്തയിലെ നേട്ടം മറികടക്കുക മാത്രമല്ല, മെഡൽ നേട്ടത്തിൽ സെഞ്ചുറി തികയ്ക്കുക എന്നതും ഇന്ത്യ ലക്ഷ്യമിടുന്നു.

ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ സമർപ്പിച്ച ലിസ്റ്റിൽ ഭേദഗതി വരുത്തിയ കേന്ദ്ര സ്പോർട്സ് മന്ത്രാലയം ഒടുവിൽ 655 അത്‌ലറ്റുകൾക്കും 266 ഒഫീഷ്യലുകൾക്കും അനുമതി നല്കി. ഇതുതന്നെ റെക്കോർഡ് ആണ്. ജക്കാർത്തയിൽ 570 അത്‌ലറ്റുകളായിരുന്നു ഇന്ത്യൻസംഘത്തിൽ ഉണ്ടായിരുന്നത്. ഇത്തവണത്തേത് റെക്കോർഡാണ്.

നാല്പത് സ്പോർട്സ് ഇനങ്ങളിൽ 481 മെഡൽവിഭാഗങ്ങൾക്കായിട്ടാണു മത്സരം എന്നു പറഞ്ഞല്ലോ. കപ്പിൾ ഡാൻസ്, ഫ്രീ സ്കേറ്റിങ് ഇനങ്ങൾ പങ്കാളിത്തത്തിന്റെ കുറവുകൊണ്ട് ഒഴിവാക്കപ്പെട്ടു. നേരത്തേ 483 സ്വർണമായിരുന്നു മത്സരാർഥികളെ കാത്തിരുന്നത്. രണ്ടെണ്ണം കുറഞ്ഞു. ചുരുങ്ങിയത് ആറു രാജ്യങ്ങൾ എൻട്രി നൽകിയാലേ ഒരു മെഡൽ ഇനം ഉൾപ്പെടുത്താവൂ എന്നാണു ചട്ടം.

ഏഷ്യൻ ഗെയിംസിന്റെ പത്തൊൻപതാം പതിപ്പിൽ ഇ-സ്പോർട്സും ബ്രേക്ക് ഡാൻസും (ബ്രേക്കിങ്) ആണ് പുതിയ ഇനങ്ങൾ. ഇ - സ്പോർട്സ് പ്രദർശനയിനമായി ജക്കാർത്തയിൽ ഉൾപ്പെടുത്തിയിരുന്നു. 2010 ലും 14 ലും നടന്ന ക്രിക്കറ്റ് (ട്വന്റി 20) മടങ്ങിയെത്തുന്നു. 2006 ലും 10 ലും ഉൾപ്പെട്ടിരുന്ന ചെസും ഹാങ്ചൗവിൽ മത്സരയിനമാണ്. ഇ-സ്പോർട്സിൽ ഏഴു മെഡലുകൾ നിർണയിക്കപ്പെടും. ജക്കാർത്തയിൽ ഉണ്ടായിരുന്ന മൂന്നിനങ്ങൾ ഇക്കുറിയില്ല. പാരാഗ്ലൈഡിങ്ങാണ് ഇതിൽ പ്രധാനം.

റഷ്യയിൽനിന്നും ബലറൂസിൽനിന്നുമായി അഞ്ഞൂറോളം താരങ്ങളാണ് ഹാങ്ചൗവിൽ മത്സരിക്കാൻ ഒരുങ്ങിയത്. പക്ഷേ, ഗെയിംസ് തുടങ്ങാൻ ഏതാനും ആഴ്ചകൾ മാത്രം ബാക്കിനിൽക്കേ രാജ്യാന്തര ഒളിമ്പിക്സ് കമ്മിറ്റിയുടെ എതിർപ്പു വന്നു. ഏഷ്യൻ ഭൂഖണ്ഡത്തിനു പുറത്തുള്ളവരെ മത്സരിപ്പിക്കുന്നതു ശരില്ലെന്നാണ് ഐ.ഒ.സി.യുടെ വാദം. ഇനി ഏതെങ്കിലും യൂറോപ്യൻ കായികമേളയിൽ മത്സരിച്ചുവേണം റഷ്യൻ, ബലറൂസ് താരങ്ങൾ പാരിസ് ഒളിമ്പിക്സിനു യോഗ്യത നേടുവാൻ.

റഷ്യൻ, ബലറൂസ് താരങ്ങൾക്ക് ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ മെഡൽ ലഭിക്കില്ലായിരുന്നെങ്കിലും ഒളിമ്പിക്സ് യോഗ്യത നേടാൻ അവർ മികവു കാട്ടേണ്ടതുള്ളതിനാൽ ഏഷ്യൻ ഗെയിംസിൽ മത്സരതീവ്രത വർധിക്കുമായിരുന്നു. ഇനി അതു സാധിക്കില്ല. യഥാർഥത്തിൽ ഐ.ഒ.സി.യുടെ അനുമതി വാങ്ങാതെയാണ് ഇവരെയും ഓസ്ട്രേലിയ, ന്യൂസിലൻഡ് താരങ്ങളെയും ക്ഷണിച്ചത്. ഐ.ഒ.സി.യുടെ വാദം ഒരു അർഥത്തിൽ ശരിയാണ്. ഇതര ഭൂഖണ്ഡങ്ങളിൽനിന്നു താരങ്ങൾ എത്തിയാൽ 'ഏഷ്യൻ ഗെയിംസ്' എന്ന സങ്കല്പം മാറും.

■



10



ഫാ. തോമസ് പാട്ടത്തിൽചിറ CMF

കുടുംബവിളക്ക്

## കൂദാശകൾ



വിശുദ്ധ കൂദാശകളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. സപ്തകൂദാശകളുടെ സംരക്ഷണം കുടുംബങ്ങൾക്ക് ആവശ്യമാണ്. കൂദാശകൾ വിശുദ്ധവും വിശുദ്ധീകരിക്കുന്നവയുമാണ്. അവ മനുഷ്യന്റെ കണ്ടുപിടിത്തമല്ല; മറിച്ച്, ദൈവത്താൽ സ്ഥാപിതമാണ്. കുടുംബാന്തരീക്ഷത്തെ വിശുദ്ധീകരിക്കാൻ കൂദാശകൾക്കു കഴിയും. നമ്മുടെ സമയവും സൗകര്യവും അനുസരിച്ചല്ല പിന്നെയോ, സഭ നിഷ്കർഷിക്കുന്നപോലെ സമയാസമയങ്ങളിൽ കൂദാശകൾ സ്വീകരിക്കാൻ നാം കടപ്പെട്ടവരാണ്. വിശ്വാസജീവിതത്തിനുള്ള പോഷണമായ പരിശുദ്ധാത്മാവിനെയും അവിടുത്തെ വരദാനങ്ങളെയും സംവഹിക്കുന്ന സിരകളാണ് സഭയിലെ സപ്തകൂദാശകൾ. അവ പ്രദാനം ചെയ്യുന്ന പ്രസാദവരത്തിന്റെ അഭാവത്തിൽ ആത്മീയശോഷണവും നിർജീവത്വവും നമ്മിലമുണ്ടാകും. അനുരഞ്ജനത്തിന്റെ കൂദാശയായ കുമ്പസാരവും, ജീവന്റെയും രക്ഷയുടെയും കൂദാശയായ കുർബാനയും വേണ്ടത്ര യോഗ്യതയോടും ഒരുക്കത്തോടുംകൂടി അടിക്കടി സ്വീകരിക്കാൻ കുടുംബാംഗങ്ങൾ ശ്രദ്ധിക്കണം. ജ്ഞാനസ്നാനവും വിശുദ്ധകുർബാനയും സ്ഥൈര്യലേപനവും കുട്ടികൾക്ക് യഥാസമയം നല്കുന്ന കാര്യത്തിൽ മാതാപിതാക്കൾക്കു വീഴ്ച വരാൻ പാടില്ല. വൃദ്ധരും രോഗികളുമായിട്ടുള്ളവർ ഉണ്ടെങ്കിൽ അവർക്കു മുടക്കംകൂടാതെ കൂദാശകൾ സ്വീകരിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. അത് അവരുടെ അവകാശവും ബാക്കിയുള്ളവരുടെ കടമയുമാണ്. നിത്യജീവന്റെ കൈത്തോടുകളായ കൂദാശകൾ കുടുംബങ്ങളിലൂടെ നിരന്തരം ഒഴുകട്ടെ. അവിടുത്തെ ആത്മീയതയുടെ പച്ചപ്പ് മാഞ്ഞുപോകാതെ അവ കാത്തുകൊള്ളും. കൂദാശകളെ കൂട്ടുപിടിക്കാം. അവയുടെ ആന്തരികസത്തയെയും പ്രസക്തിയെയുമൊക്കെ പരിഹസിക്കുന്ന തരത്തിലുള്ള പ്രസ്താവനകളെയും പ്രചാരണങ്ങളെയും തള്ളിക്കളയാം. കൂദാശകളെ കുഴിച്ചുമൂടാൻ ശ്രമിക്കുന്നവരുടെ സാന്നിധ്യവും സ്വരവും കുടുംബങ്ങളിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം. കൂദാശകളുടെ ആരാച്ചാരന്മാരെ അണിനിരക്കൊണ്ടുള്ള ചർച്ചകളൊരുക്കുന്ന സാമൂഹികമാധ്യമങ്ങളെ അവ അർഹിക്കുന്ന അവജ്ഞയോടെ ബഹിഷ്കരിക്കാം. ഓർക്കണം, കൂദാശകളെ കൈവിട്ടുള്ള ജീവിതം ക്രിസ്ത്യാനിക്ക് ഒരിക്കലും ഭൂഷണമല്ല.

*"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം നല്കുവിൻ." (മത്താ. 28:20)*



## പലായനം

*11-ാം പേജ് തുടർച്ച*

"കുളിച്ച് വേഷം മാറ്. അപ്പോഴേക്കും ഞാൻ ചോറെടുത്തുവയ്ക്കാം."

താണ്ടമ്മ പ്ലമേനാമ്മയ്ക്കൊപ്പം അടുക്കളയിലേക്കു ചെന്നു. മരുമോന് രണ്ടു കരിമീനെടുത്തു വറുക്കാൻ പ്ലമേനാമ്മ അടുക്കളക്കാരി കുഞ്ഞുപെണ്ണിന് നിർദേശം നല്കി. വൈകിട്ടത്തേക്ക് നമ്മടെ കോഴിയെ പിടിച്ചുകൊല്ലാം.

അവർ മനസ്സിൽ കരുതി.

വേഷം മാറി കുളിക്കുന്നതിനിടയിൽ ഇയ്യോബ് ആലോചിച്ചു.

വല്യപ്പച്ചന്റെ അറയിൽനിന്നു നിധികിട്ടിയ വിവരം താണ്ടമ്മയോടു പറയേണ്ടേ. അവൾ തന്റെ സുഖത്തിലും ദുഃഖത്തിലും ഒപ്പം നിൽക്കേണ്ടവളല്ലേ? പറയാം. പക്ഷേ, അവൾ ഇത് രഹസ്യമായി സൂക്ഷിക്കുമോ?

അയാൾക്കു സന്ദേഹമായി. സൂക്ഷിക്കണമല്ലോ. അവൾ തന്റെ ജീവിതപങ്കാളിയല്ലേ?

രാത്രിഭക്ഷണവും കഴിഞ്ഞ് ഏറെനേരം സഖറിയ തര്യൻ മരുമോന് ചില ഉപദേശങ്ങൾ നല്കി. അതെല്ലാം കഴിഞ്ഞ് താണ്ടമ്മയുടെ മുറിയിലെത്തിയപ്പോൾ അവൾ അയാളെ കാത്തിരിക്കുകയായിരുന്നു.

ഗർഭിണിയായ അവൾ ഉറങ്ങാതെ കാത്തിരിക്കുന്നതു കണ്ടപ്പോൾ ഇയ്യോബ് പറഞ്ഞു:

"നെനക്ക് കെടക്കാൻ മേലാരുന്നോ? ഇപ്പോ ക്ഷീണം കാണില്ലേ? അധികം ഉറക്കമിളച്ചാല്."

"ഓ സാരമില്ല അച്ചായാ."

അവൾ ചിരിച്ചു.

ഇയ്യോബ് വല്യപ്പച്ചന്റെ അറയിൽനിന്നു കിട്ടിയ നിധിയെക്കുറിച്ച് അവളോടു പറഞ്ഞു.

"നിയ്യ് ഇത് മറ്റാരോടും പറയരുത്. രഹസ്യമാക്കി വയ്ക്കണം."

"ഉവ്വ് അച്ചായാ."

താണ്ടമ്മ വീണ്ടും ചിരിച്ചു.

*(തുടരും)*

# അമിതവണ്ണം അത്യാപത്ത്!

**ലോകഹൃദയദിനം സെപ്റ്റംബർ 29**




ഡോ. ജോർജ് തയ്യിൽ

ദൈവത്തിന്റെ സ്വന്തം നാടായ കേരളം രോഗങ്ങളുടെ സ്വന്തം നാടായി പരിണമിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച്, ഹൃദ്രോഗത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളുടെ മുമ്പിലെത്തിക്കഴിഞ്ഞു.

ഈ വർഷം ലാൻസെറ്റിൽ പ്രസിദ്ധീകൃതമായ ഐ.സി.എം.ആർ. ഇൻഡ്യാബ് – 17 പഠനത്തിൽനിന്ന് ഇന്ത്യയിൽ ഇപ്പോൾ ഗുരുതരമായിക്കൊണ്ടിരിക്കുന്ന ജീവിതശൈലീരോഗങ്ങളുടെ യഥാർഥചിത്രം വ്യക്തമാകുന്നു. ഇതിൽ കുടവയറുള്ളവർതന്നെ കൂടുതൽ – 351.1 ദശലക്ഷം. പൊതുവായി അമിതവണ്ണമുള്ളവർ 254.2 ദശലക്ഷം, അമിതരക്തസമ്മർദമുള്ളവർ 315.5 ദശലക്ഷം, വർധിച്ച കൊളസ്ട്രോൾ ഉള്ളവർ 213.3 ദശലക്ഷം, പ്രമേഹബാധിതർ 101.3 ദശലക്ഷം, പ്രമേഹസാധ്യതയുള്ള പ്രീഡയബെറ്റിസ് 136 ദശലക്ഷം. നഗരവാസികളിൽ 51.6 ശതമാനം പേർക്കും ഗ്രാമീണരിൽ 33.5 ശതമാനം പേർക്കും വർധിച്ച കുടവയറുള്ളതായി പഠനം കണ്ടെത്തി.

അലസജീവിതത്തിന്റെയും അപഥ്യമായ ഭക്ഷണശീലങ്ങളുടെയും മുഖമുദ്രയായ കുടവയർ രോഗങ്ങളെ മാടിവിളിക്കുകയാണ്. കേരളത്തിൽ ഏതാണ്ട് 38.1 ശതമാനം സ്ത്രീകളും 36.4 ശതമാനം പുരുഷന്മാരും അമിതവണ്ണമോ പൊണ്ണത്തടിയോ ഉള്ളവരാണ്. ഇന്ത്യയിൽ പഞ്ചാബ് കഴിഞ്ഞാൽ കേരളം തന്നെ അമിതഭാരമുള്ളവരുടെ പട്ടികയിൽ മുൻപന്തിയിൽ. സ്വാദുള്ള കൊഴുപ്പുവിഭവങ്ങൾ കൊണ്ട് തീൻമേശ സമ്പന്നമായപ്പോൾ നാരുള്ള ധാന്യങ്ങളും പഴങ്ങളും പച്ചക്കറികളും നിത്യഭക്ഷണങ്ങളിൽനിന്നു വഴുതിമാറി. 1990 നുശേഷം കേരളീയരുടെ ആഹാരശൈലിയിലുണ്ടായ ഈ അനാരോഗ്യകരമായ പ്രവണത കുട്ടികൾമുതൽ മുതിർന്നവർവരെയുള്ളവരെ പൊണ്ണത്തടിയന്മാരാക്കി.

ബി.എം.ഐ.യെക്കാൾ അരക്കെട്ടിന്റെ ചുറ്റളവാണ് കൂടുതൽ കൃത്യമെന്നു പറയാറുണ്ട്. കാരണം, ഭാരക്കൂടുതൽമാത്രമല്ല, കൊഴുപ്പ് എവിടെ കൂടുതലായി അടിഞ്ഞുകൂടിയിരിക്കുന്നുവെന്നതും ഏറെ പ്രശ്നമാകുന്നു. തുടകളിൽ കൊഴുപ്പടിയുന്നതിനെക്കാൾ ഗുരുതരമാണ് കുടവയറിൽ കൊഴുപ്പടിയുന്നത്. പൊക്കിളിനു സമാന്തരമായി അരക്കെട്ടിനു ചുറ്റും അളക്കാം. പുരുഷന്മാരിൽ അരക്കെട്ടിന്റെ ചുറ്റളവ് 95 സെന്റീമീറ്ററിലധികവും സ്ത്രീകളിൽ 85 സെന്റീമീറ്ററിലധികവുമായാൽ പ്രശ്നം സങ്കീർണമാകുന്നു. പ്രമേഹം, ഹൃദ്രോഗം, കരൾവീക്കം, ശ്വാസകോശരോഗങ്ങൾ, സ്ലീപ് അപ്നിയ, അർബുദം, സന്ധികളുടെ അപചയരോഗങ്ങൾ, ഹോർമോണുകളുടെ വ്യതിയാനങ്ങൾ, ചർമരോഗങ്ങൾ, ലൈംഗികപ്രശ്നങ്ങൾ, വിഷാദരോഗം, മെറ്റാബോളിക് സിൻഡ്രോം ഇങ്ങനെ വണ്ണത്തിന്റെ തോത് വർധിക്കുന്നതനുസരിച്ച് രോഗാവസ്ഥകളും കൂടുന്നു.



അമിതവണ്ണം മൂന്നു തലങ്ങളിലൂടെയാണ് ഹൃദ്രോഗത്തിനു വഴിമരുന്നാകുന്നത്.

1. അമിതവണ്ണമുള്ളവരിൽ കൊളസ്ട്രോളിന്റെയും ഉപഘടകങ്ങളുടെയും അളവുകൾ അപകടകരമാംവിധം വർധിക്കുന്നു. പൊതുവായ കൊളസ്ട്രോളും ട്രൈഗ്ലിസറൈഡുകളും സാന്ദ്രത കുറഞ്ഞ 'ചീത്ത' കൊളസ്ട്രോളും ക്രമാതീതമാകുന്നു. അതേസമയം 'നല്ല' കൊളസ്ട്രോളായ സാന്ദ്രതകൂടിയ എച്ച്.ഡി.എൽ. ന്റെ അളവ് കുറയുന്നു. രക്തത്തിലെ കൊഴുപ്പുഘടകങ്ങളുടെ ഈ വ്യതിയാനങ്ങളെല്ലാംതന്നെ ധമനികളിൽ പൊതുവായ ജരിതാവസ്ഥ ഉണ്ടാകുന്നതിനു കാരണമാകുന്നു. ധമനികളുടെ ഉൾപ്പാളികളിൽ കൊഴുപ്പടിഞ്ഞുകൂടുന്നതു നിമിത്തം ഉൾവ്യാസം കുറയുന്നു; അങ്ങനെ രക്തപര്യയനം ദുഷ്കരമാകുന്നു. ഹൃദയത്തിന്റെ സങ്കോചവികാസപ്രക്രിയയ്ക്ക് അനിവാര്യമായ പ്രാണവായുവും പോഷകപദാർഥങ്ങളും കൃത്യമായി എത്തിച്ചേർന്നില്ലെങ്കിൽ ഹാർട്ടറ്റാക്കാണ് അനന്തരഫലം. ബി.എം.ഐയിൽ ഒരളവ് കൂടുമ്പോൾ ധമനികളിൽ ജരിതാവസ്ഥയുണ്ടാകാനുള്ള സാധ്യത പത്തുശതമാനമായി കൂടുന്നു. ശരീരഭാരത്തിൽ പത്തു കിലോഗ്രാം കൂടുമ്പോൾ ധമനീവീക്കവും ജരിതാവസ്ഥയും 12 ശതമാനം വർധിക്കുന്നു.

2. ഫ്രാമിങ്ങാം ഹാർട്ട്സ്റ്റഡിപ്രകാരം അമിതവണ്ണമുള്ള പുരുഷന്മാരിൽ 78 ശതമാനവും സ്ത്രീകളിൽ 65 ശതമാനവും പേർക്ക് ഉയർന്ന രക്തസമ്മർദമുണ്ടാകുന്നു. ബി.എം.ഐ. കൂടുന്നതോടെ ഒരുവന് പ്രഷർ വർധിക്കുന്നു. അമിതവണ്ണമോ ദുർമേദസ്സോ ഉള്ളവരിൽ പുതുതായി 40 ശതമാനം പ്രഷർ രോഗികളെ കണ്ടെത്തിയിട്ടുണ്ട്. ബി.എം.ഐ. 23 ൽ കൂടിയാൽ പ്രഷർ വർധിക്കാനുള്ള സാധ്യത 50 ശതമാനത്തിൽ കൂടുന്നു.

അമിതഭാരമുള്ളവരിൽ അധികമായുള്ള ഉപ്പിന്റെ വിസർജനപ്രക്രിയ തകരാറിലാകുന്നു, വൃക്കകളുടെ ഘടനാപരിവർത്തനമുണ്ടാകുന്നു. അതേത്തുടർന്ന് രക്തസമ്മർദം വർധിക്കുന്നു. ആർട്ടറികളിലെ പ്രഷർ വർധിക്കുന്നതോടെ അതിനെ ചെറുത്തുനിൽക്കാൻ ഹൃദയപേശികൾ കരുത്തോടെ സങ്കോചിക്കുന്നു, ഇത് ഹൃദയപേശികൾ കട്ടിയാകുന്നതിനു കാരണമാകുന്നു. ധമനികളുടെ പൊതുവായ വികാസസങ്കോചശേഷി നഷ്ടമാകുന്നു. കൂടാതെ, അധികമായ പ്രഷർ ധമനികളുടെ ഉൾപ്പാളികൾ കട്ടിയാകുന്നതിനു ഹേതുവാകുന്നു. അതേത്തുടർന്ന്, ഹൃദയധമനിയിലൂടെയുള്ള രക്തപര്യയനം ദുഷ്കരമായി അൻജൈനയും ഹാർട്ടറ്റാക്കുമുണ്ടാകുന്നു.

3. അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ പഠനപ്രകാരം 65 വയസ്സിൽ കവിഞ്ഞ 68 ശതമാനം പ്രമേഹരോഗികൾക്കും വർധിച്ച ഹൃദ്രോഗസാധ്യതയുണ്ട്. അമിതവണ്ണമുള്ളവരിൽ കാണുന്ന ഏറ്റവും സങ്കീർണമായ പ്രശ്നം പ്രമേഹബാധതന്നെ. ഇൻസുലിൻ അനാശ്രിത ടൈപ്പ് – 2 പ്രമേഹം ബാധിച്ചവരിൽ 80–85 ശതമാനം പേരും അമിതവണ്ണമുള്ളവരാണ്. അമിതവണ്ണമുള്ളവരിൽ വർധിച്ചു കാണുന്ന കൊഴുപ്പുകലകൾ ഗ്ലൂക്കോസിന്റെ ഉപാപചയപ്രക്രിയയെ താറുമാറാക്കുന്നു. ഇൻസുലിന്റെ പ്രവർത്തനശേഷി കാര്യമായി കുറയുന്നു. കൊഴുപ്പുകലകളുടെ വിഘടനംമൂലമുണ്ടാകുന്ന ഫാറ്റി ആസിഡുകൾ ഇൻസുലിൻ ഉത്പാദനം കുറയ്ക്കുന്നു. പ്രമേഹരോഗികളിൽ ഭാഗികമായി കാണുന്ന കൊളസ്ട്രോളും ഉപഘടകങ്ങളും ഹൃദയധമനികളിൽ അടിഞ്ഞുകൂടുന്നു. ഇത് ഹാർട്ടറ്റാക്കിലേക്കു രോഗിയെ നയിക്കുന്നു.

അമിതവണ്ണമുള്ളവരിൽ കൂടുതലായി കാണുന്ന മറ്റൊരു പ്രതിഭാസമാണ് 'ഒബ്ട്രക്റ്റീവ് സ്ലീപ്പ് അപ്നിയ' അഥവാ ഒ.എസ്.എ. കൂർക്കംവലിയുള്ളവരിലോ അല്ലാത്തവരിലോ ഗാഢനിദ്രയിലാഴുമ്പോൾ കണ്ഠനാളത്തിലുണ്ടാകുന്ന കാതലായ തടസ്സംമൂലം ശ്വസനപ്രക്രിയ അവതാളത്തിലാകുന്നു. പൊണ്ണത്തടിയും കുറുകിയ കഴുത്തും കഴുത്തുഭാഗത്തെ അമിതമായ കൊഴുപ്പുനിക്ഷേപവും ഒ.എസ്.എയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നു. ഉച്ചത്തിലുള്ള കൂർക്കംവലി, പലതവണ തടസ്സപ്പെടുന്ന ഉറക്കശ്വാസം, ഇടയ്ക്ക് ശ്വാസംകിട്ടാതെ ഞെട്ടിയെഴുന്നേൽക്കുന്ന അവസ്ഥ, രാവിലെയുള്ള തലവേദന, രാത്രിയിലെ ഉറക്കം തൃപ്തിയാകാതെ പകൽസമയം എപ്പോഴും മന്ദിച്ച് ഉറങ്ങിയുറങ്ങി നടക്കുക ഇവയെല്ലാം ഒ.എസ്.എയുടെ സവിശേഷതകളാണ്. സ്ലീപ് അപ്നിയമൂലം രക്തത്തിൽ പ്രാണവായുവിന്റെ കാതലായ കുറവുണ്ടാകുന്നതുകൊണ്ട് ഹൃദ്രോഗം, മസ്തിഷ്കാഘാതം, ഹൃദയപരാജയം, കൃത്യതയില്ലാത്ത ഹൃദയസ്പന്ദനം എന്നീ മാരകമായ രോഗാവസ്ഥകൾ ഉണ്ടാവുന്നു. സ്ലീപ് അപ്നിയ ഉള്ളവരിൽ 80 ശതമാനം പേർക്കും അമിതമായ രക്തസമ്മർദം കാണുന്നു. സ്ലീപ് അപ്നിയയ്ക്ക് ശാശ്വതമായ പരിഹാരം കാണാത്തിടത്തോളം കാലം എത്ര മരുന്നുകൾ ഉപയോഗിച്ചാലും ഇക്കൂട്ടരിലെ പ്രഷർ നിയന്ത്രിക്കാൻ സാധിക്കില്ല.

അമിതവണ്ണമുള്ളവരിൽ ഹൃദ്രോഗചികിത്സ ദുഷ്കരമാകുന്നു. അതുപോലെ, അതിന്റെ ഫലപ്രാപ്തിയും കുറയുന്നു. ഇ.സി.ജി., സി.റ്റി. സ്കാൻ, എം.ആർ.ഐ, എക്കോ കാർഡിയോഗ്രാം തുടങ്ങിയ പരിശോധനകൾ ചെയ്ത് കൃത്യമായ വിവരശേഖരണത്തിന് പൊണ്ണത്തടി ഒരു വിലങ്ങുതടിതന്നെ.

അതുപോലെ കാലിന്റെ കഴലയിലൂടെ നടത്തുന്ന കത്തീറ്റർ ചികിത്സ, ആൻജിയോപ്ലാസ്റ്റി, ബൈപ്പാസ് ശസ്ത്രക്രിയ എല്ലാം നിർവിഘ്നം ചെയ്തുതീർക്കാൻ അമിതവണ്ണം എപ്പോഴും ഒരു വലിയ പ്രശ്നംതന്നെ. പൊണ്ണത്തടിയുള്ളവരിൽ ബൈപ്പാസ് ശസ്ത്രക്രിയ ചെയ്യുവാൻ മടിക്കുന്ന സർജന്മാർവരെയുണ്ട്. മുറിവുഭാഗം പഴുക്കുക, ന്യുമോണിയയും മറ്റു ശ്വാസകോശരോഗങ്ങളും സർജറിക്കുശേഷം ഉണ്ടാവുക, ശ്വസനപ്രക്രിയ കൃത്യമായി തിരിച്ചു വരാതിരിക്കുക, സർജറിക്കുശേഷം കൂടുതൽ ദിവസങ്ങൾ ശയ്യാവലംബിയായാൽ കാലിലെ രക്തക്കുഴലുകളിൽ രക്തക്കട്ടയുണ്ടാകുക, കൂടുതലായി ഹൃദയപരാജയമുണ്ടാകുക തുടങ്ങിയ ആപത്കരമായ നാനാവിധ സങ്കീർണതകളാണ് ഇക്കൂട്ടരിൽ ഉണ്ടാവുക.

■

Deepanalam Weekly

RNI No : 16998/68
Vol. 56 No. 29 Date of Publication 21 Sept 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

UK IS CALLING
- WORLDCLASS UNIVERSITIES
- ATTRACTIVE SCHOLARSHIPS
- IELTS NOT REQUIRED

- PR WITHIN ONE YEAR*
- ASSISTANCE THROUGHOUT THE PROCESS.
STUDY IN CANADA

- CERTIFIED AGENTS
- 100% TRUSTWORTHY

STUDY FOR FREE IN GERMANY WITH STIPEND

EMPOWER YOUR LANGUAGE
WITH OUR AWARD WINNING SERVICES AND WORLD CLASS FACULTY.

IELTS, OET, GERMAN PTE & more...
OFFICIAL IDP & PEARSON PARTNER

Elizabeth International
Since 2001
ELIZABETH INTERNATIONAL
Mareena Towers, Kattakayam road
Pala, Kottayam - 686575
04822-213986, 94470 37591
79949 44131
elizabethinternationalpala@gmail.com
www.elizabethinternational.in

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

34 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259
HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

69 Yeasr Trust
KTS PRODUCTS
SINCE 1995
Tastit™
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015 CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം